

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഷൊർണ്ണൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ).പി.കെ.ഡി.പി.22 -174/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/03/2026
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഷൊർണ്ണൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ട്രർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്(ഇ-മെയിൽ മുഖേന)
3.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി.22 -174/26 തീയ്യതി: 17/03/2026

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-01-2025 മുതൽ 01-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രേഖ.ആർ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	02-02-2026	13-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
02-02-2026	13-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.ഐ.സുലൈമാൻ, ഓഡിറ്റ് ഓഫീസർ
2.ശ്രീമതി.എ.സുജാത,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.സരിത.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീ.രാജൻ. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.അനിത.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
6.ശ്രീ.ദിലീപ്.കെ,ഓഡിറ്റർ
7.ശ്രീ.മുഹമ്മദ് അൻസബ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എം.കെ ജയപ്രകാശ്	ചെയർമാൻ	01-04-2024	31-03-2025
ശ്രീ രാജേഷ് പി.എസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സന്ദീപ്.പി.എസ്	മുനിസിപ്പൽ എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.പ്രകാശൻ.ടി.കെ	ക്ലീൻ സിറ്റി മാനേജർ	01-04-2024	09-09-2024
ശ്രീ.മനോജ്.എസ്.എസ്	ക്ലീൻ സിറ്റി മാനേജർ	10-09-2024	30-01-2025
ശ്രീ.അശോക്.കെ.സി	ക്ലീൻ സിറ്റി മാനേജർ	31-01-2025	31-03-2025
ശ്രീമതി.ലിഷ.സി.ജോർജ്ജ്	പ്രോജക്ട് ഓഫീസർ	01-04-2024	23-10-2024
ശ്രീ.മോഹനൻ.പി.പി	പ്രോജക്ട് ഓഫീസർ	24-10-2024	31-03-2025
ശ്രീമതി.ബിന്ദു ഗോപാൽ.വി.കെ	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.ബാലകൃഷ്ണൻ	അഗ്രികൾച്ചറൽ അസിസ്റ്റന്റ് (അഡീഷണൽ ചാർജ്ജ്)	01-04-2024	14-06-2024
ശ്രീമതി.സിന്ധു.പി	അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ	15-06-2024	31-03-2025
ശ്രീമതി.ഷറിൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	06-08-2024
ശ്രീമതി.പ്രത്യുഷ്ണ കണ്ണത്ത്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	07-08-2024	31-03-2025
ഡോ.രാജേഷ്.പി	സീനിയർ വെറ്റിനറി സർജ്ജൻ	01-04-2024	31-03-2025
ഡോ.ഫാരിസ് ഉണ്ണിയാൻ.കെ.പി	മെഡിക്കൽ ഓഫീസർ-സി.എച്ച്.സി	01-04-2024	25-04-2024
ഡോ.അശ്വതി പുരുഷോത്തം	മെഡിക്കൽ ഓഫീസർ-സി.എച്ച്.സി	26-04-2024	31-07-2024
ഡോ.ഫാരിസ് ഉണ്ണിയാൻ.കെ.പി	മെഡിക്കൽ ഓഫീസർ-സി.എച്ച്.സി	01-08-2024	02-08-2024
ഡോ.ശ്രീഹരി.ആർ	മെഡിക്കൽ ഓഫീസർ-സി.എച്ച്.സി	03-08-2024	31-03-2025
ശ്രീമതി.ഉഷ.വി	ഹെഡ് മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീമതി.പ്രിൻസി തോമസ്	പ്രിൻസിപ്പാൾ	01-04-2024	31-03-2025
ശ്രീമതി.മേഘ.എം	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ഡോ.കൃപ.വി.എസ്	സീനിയർ മെഡിക്കൽ ഓഫീസർ-	01-04-2024	09-09-2024

	ആയുർവേദം		
ഡോ.സന്ധ്യ.എസ്	സീനിയർ മെഡിക്കൽ ഓഫീസർ-ആയുർവേദം(അഡീഷണൽ ചാർജ്ജ്)	10-09-2024	20-10-2024
ഡോ.കൃപ.വി.എസ്	സീനിയർ മെഡിക്കൽ ഓഫീസർ-ആയുർവേദം	21-10-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സാക്ഷ്യപത്രം	1-1
3	ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല	1-1-2
4	വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകൾ അതത് ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള വരവ് ചെലവുകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-3
5	പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കായുള്ള പദ്ധതികളിൽ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉണ്ടെങ്കിലും B4, B17 എന്നിവ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു	1-1-4
6	ചെലവുകൾ AFS ൽ പ്രതിഫലിക്കുന്നില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	നിഷ്ക്രിയ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല	1-11
17	കെ-സ്മാർട്ട് സോഫ്റ്റ്വെയർ-അപാകതകൾ	1-12
18	തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ	1-13
19	ലൈസൻസ് ഫീ അപാകങ്ങൾ	1-14
20	വസ്തുനികുതി അപാകങ്ങൾ	1-15
21	ജി.എസ്.ടി റിട്ടേൺ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കുന്നില്ല	1-16
22	ക്രിമറ്റോറിയം പ്രവേശന ഫീ കളക്ഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.	1-17
23	കടമുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-18
24	സി.എസ്.ആർ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമല്ല	1-19
25	അനധികൃത കെട്ടിടങ്ങൾ-വിവരങ്ങൾ ലഭ്യമാക്കിയില്ല	1-20
26	ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ-വിവരങ്ങൾ ലഭ്യമല്ല	1-21
27	മുൻകൂർ അനുവദിച്ചത് സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല	1-22
28	മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല	1-23
29	വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട കുടിവെള്ളവിതരണം-കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം അനുവദിച്ചതിന്റെ രേഖകളില്ല	1-24
30	ബാലസഭാ പ്രവർത്തനങ്ങൾ	1-25
31	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ	1-26

32	വിവേകാനന്ദാ സ്റ്റാച്യൂ നിർമ്മാണം - വിശദാംശങ്ങൾ ലഭ്യമല്ല	1-27
33	സ്വയം തൊഴിൽ -വനിതകൾക്ക് ടൂവീലർ നൽകൽ ഫലപ്രാപ്തി ഉറപ്പാക്കിയിട്ടില്ല	1-28
34	കുടുംബാരോഗ്യ കേന്ദ്രത്തിലെ അധിക ജീവനക്കാരുടെ നിയമനം - സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്	1-29
35	പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിന് അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല	1-30
36	അമൃത് 2.0 – ഡെപ്പോസിറ്റ് തുകകളുടെ ചെലവ് വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല	1-31
37	നഗരസഭാ പെൻഷൻ ഫണ്ട് വിതരണം അവലോകനം	1-32
38	കോക്ലിയാർ ഇംപ്ലാന്റ് - കെ.എസ്.എസ്.എം - വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-33
39	ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-34
40	തെരുവു വിളക്കുകളുടെ വാങ്ങൽ പദ്ധതി അധിക നിരക്കിൽ സാധനങ്ങൾ വാങ്ങി	1-35
41	പദ്ധതി മോണിട്ടറിംഗ് -പത്രപ്പരസ്യത്തിന് അധിക തുക അനുവദിച്ചു	1-36
42	വീഡിയോ ഡോക്യുമെന്റേഷൻ - പദ്ധതി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു	1-37
43	സ്ടീറ്റ്ലൈറ്റ് പർച്ചേസിംഗ്- വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതിനും ഉപയോഗപ്പെടുത്തിയതിനും രേഖകളില്ല	1-38
44	ഹെൽത്ത് ഗ്രാന്റ് - കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല	1-39
45	ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ബാരൽ വില മുനിസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത് പിന്നീട് തിരികെ ഒടുക്കിയിരിക്കുന്നു	1-40
46	മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല	1-41
47	പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം	1-42
48	ഇ-ടെൻണ്ടർ ഫീസ് നഗരസഭയുടെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല	1-43
49	സാമൂഹ്യ ആരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം സോയിൽ ടെസ്റ്റ് ഫീസ് നല്കൽ-പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല	1-44
50	അതി ദാരിദ്ര്യ നിർമ്മാർജ്ജനം - ബില്ലുകൾ, വിതരണരേഖകൾ എന്നിവ ലഭ്യമാക്കിയില്ല	1-45
51	ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല	1-46
52	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം	1-47
	ഭാഗം 2	
1	തൊഴിൽ നികുതി കുറവായി ഈടാക്കി വരവ് നഷ്ടം - 5170/- രൂപ	2-1
	ഭാഗം 3	
1	തെരുവു വിളക്കുകളുടെ വാങ്ങൽ പദ്ധതി അധിക നിരക്കിൽ സാധനങ്ങൾ വാങ്ങി	3-1
2	പദ്ധതി മോണിട്ടറിംഗ് -പത്രപ്പരസ്യത്തിന് അധിക തുക അനുവദിച്ചു	3-2
3	മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല	3-3

ഭാഗം 4		
1	മെഡിസെപ് ആരോഗ്യ ഇൻഷൂറൻസ് -പ്രീമിയം തുക അടവാക്കിയ വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ച വിവരം	4-3
4	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സാമഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രിക സംഗ്രഹം	

ഭാഗം -1

പൊതു അവലോകനം

1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 58 (ഇ ആന്റ് എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 01.11.25 തീയതിയിലെ 8-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 05.12.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസ രിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായ മായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടു ത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന മായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാന ത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരി ച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തി ക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്
തീയതി: 17-03-2026 **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5287557/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 98636910/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും നഗരസഭ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകൾ അതത് ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള വരവ് ചെലവുകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു

ഇനം	AFS/ Bank	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ILCS -(PNB - 034)	AFS	717895	31299	749194	0	749194
ILCS -(PNB - 034)	Bank	52895.7	1375008.5	1427904.2	1373709.45	54194.75

വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 24/10.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-4 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കായുള്ള പദ്ധതികളിൽ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉണ്ടെങ്കിലും B4, B17 എന്നിവ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു

ഫണ്ടിനം	B4	B17
IHSDP	2180473	46505
Amrut	54352593	0
ILCS	753016	3822

ഓഡിറ്റ് അന്വേഷണം നം 24/10.02.26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-5 ചെലവുകൾ AFS ൽ പ്രതിഫലിക്കുന്നില്ല

സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് ഗ്രാന്റുകളുടെ ആകെ നീക്കിയിരുപ്പ് ബാങ്ക് അക്കൗണ്ട് പ്രകാരവും എ.എഫ്.എസ് പ്രകാരവും 106885 രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ CFC Tied ഗ്രാന്റ് 6444925 രൂപയുടെയും CFC Untied ഗ്രാന്റ് 3101691 രൂപയുടെയും ചെലവുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റ്

അന്വേഷണത്തിന് (നം 24/10.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 12-02-2024 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 24-03-2025 തീയതിയിലെ തീരുമാനം നം.1 പ്രകാരം കൌൺസിൽ അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
71379142	820787410	892166552	817131893	75034659

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	71379143
ഓഡിറ്റ് വർഷത്തെ വരവ്	205563524
ആകെ	276942667
ചെലവ്	200275967
നീക്കിയിരിപ്പ്	76666700

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ	0	29470680 (ACR പ്രകാരമുള്ള വരവ് + സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക) **(#)**	29470680	32053236+ 5162844 = 37216080	(-) 7745400
വികസന ഫണ്ട്- എസ്.സി.പി	0	31566000 (ACR പ്രകാരമുള്ള വരവ് + സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക)	31566000	29126828+ 2439172= 31566000	0
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	96877000	96877000	67138215 +31359247	(-)1620462 **(**)**
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	12923000	12923000	8720221 + 431208	3771571
CFC ഓഡിറ്റഡ് ഗ്രാന്റ്-AFS	14544395	10171540	31496956	19079569	106885 (*1)(*2)

CFC അൺ ടൈഡ് ഗ്രാന്റ്- AFS		6781021		17456555	
CFC ടൈഡ് ഗ്രാന്റ്- ബാങ്ക് (*1)	11442704	14188675	25631379	25524494	106885
CFC അൺ ടൈഡ് ഗ്രാന്റ്- ബാങ്ക് (*2)	3101691	17456555	20558246	20558246	0

(#)സ.ഉ (സാധാ) നം. 3510/2024/ധന തി. 19-04-2024, സ.ഉ (സാധാ) നം. 9106/2024/ധന തി.07-12-2024, സ.ഉ (സാധാ) നം. 1625/2025/ധന തി. 20-02-2025 എന്നിവ പ്രകാരമുള്ള മൂന്ന് അലോട്ട്മെന്റുകളും കെ സ്മാർട്ടിൽ ലഭ്യമായ ACR ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകകൾ കൃത്യമല്ല. യഥാർത്ഥ ചെലവു തുകയുമായി 7745400 ന്റെ വ്യത്യാസം ഉണ്ട്.
സ.ഉ (സാധാ) നം. 1625/2025/ധന തി. 20-02-2025 പ്രകാരമുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് തുകയിൽ നിന്നും സ.ഉ(കൈ)നം.179/22/ധന തിയ്യതി 18.10.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 1% തുക, 375920 രൂപ കുറവ് ചെയ്തിട്ടുണ്ട്. നികുതി ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നാണ് ഇപ്രകാരം തുക കുറവ് ചെയ്തിട്ടുള്ളത്.നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(*1), **(*2)(-)** 5039168 രൂപയാണ് യഥാർത്ഥ നീക്കിയിരിപ്പായി ലഭിക്കേണ്ടത്. മുന്നിരിപ്പ് + വരവ് കൂട്ടി ചെലവ് കുറയ്ക്കുമ്പോൾ കിട്ടുന്ന തുകയല്ല B17 ബാലൻസ് ആയി ചേർത്തിട്ടുള്ളത്. 106885 രൂപയാണ് ബാങ്ക് അക്കൗണ്ടു പ്രകാരവും എ.എഫ്.എസ് പ്രകാരവും നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. കണക്കുകളിൽ കൃത്യതയില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം 24/10.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല. CFC Tied ഗ്രാന്റ് 6444925 രൂപയുടെയും CFC Untied ഗ്രാന്റ് 3101691 രൂപയുടെയും ചെലവുകൾ AFS ൽ പ്രതിഫലിക്കുന്നില്ല.

(**) മെയിന്റനൻസ് ഫണ്ട് റോഡ്- ACR പ്രകാരമുള്ള ആകെ വരവ്, വാർഷിക കണക്കിലെയും സുലേഖ ചെലവ് പത്രികയിലെയും ചെലവുകൾ ഇവ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം ചെലവ്- 98497462

{67138215 +31359247 (കാപിറ്റൽ കോൺട്രിബ്യൂഷൻ) }

സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്-67138215 വ്യത്യാസം - 31359247 രൂപ

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Health Grant (Diagnostic Infra Structure To PHCs)	3232940	72130 (പലിശ)	3305070	2513041	792029
Health Grant (Towards Conversion Of PHCs And Subcentres Into Health & Wellness Centres)	9247000	4182057 (270868-പലിശ ഉൾപ്പെടെ)	13429057	3204252	10224805

AMRUT-2.0 - PFMS	0	49989618	49989618	49989618	0
PMAY (Old-PNB 3758) ജനറൽ	2849079	74606 (പലിശ)+ 12393547	15317232	12578809	2738423
PMAY (ICICI PFMS000531) (മൈനോറിറ്റീസ്)	0	9080000	9080000	9080000	0
Vivekannanda Statue- PNB 43G2000 100090892	2084171	72588	2156759	0	2156759
ICDS	3795286.75	3273575 (260313 രൂപ വരവ് R&P യിൽ വന്നിട്ടില്ല)	7068861.75	3047266 (141910 ന്റെ ചെലവ് I&Eയിൽ പ്രതിഫലിക്കുന്നില്ല)	4021594.7

AMRUT – B4 ഷെഡ്യൂൾ പ്രകാരം ₹54352593 നീക്കിയിരിപ്പുണ്ട്.

മറ്റ് വിവിധോദ്ദേശ്യ ഫണ്ടുകൾ (കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം)

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
NULM (Canara Bank-110198708193)	0	33900	33900	33878	22
Swach Bharath Mission (ICICI- 067)	2009473	389294	2398767	778588	1620179
Swach Bharath Mission Solid Waste Management	0	952350	952350	952350	0
Swach Bharath Mission IEC	0	491832	491832	491832	0
Swach Bharath Mission Capacity Building	0	138130	138130	138130	0
IHSDP (കാനറ-9033)	142730	857635	1000365	995186	5179
IHSDP-SBI	45273	1232	46505	0	46505
പലിശ കേരള ഗ്രാമീൺ ബാങ്ക	1454833	1527464	2982297	2982297	0
Swach Bharath Mission (ICICI- 542)	0	952350	952350	952350	0
BRGF	545174	14838	560012	0	560012
M N ലക്ഷം വീട്	479153	13041	492194	0	492194
Suchitwa Mission (PNB)	3596540	158578	3755118	12	3755106
ILCS (SBI-5928)	3822	4022	7844	4022	3822
Canara Covid 19	29604	1004	30608	0	30608
HDFC ശുചിത്വ മിഷൻ	53226	1611	54837	0	54837
Pnb Pmay098539	12463520	6687945	19151465	875810	18275655
Sbi Sand (30570420986)	492520	13404	505924	0	505924
SBI Census	145285.5	0	145934.5	0	145285.5

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
330	289121856	221	187267022	65	67

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 67 ശതമാനത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 65% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	5	4	4219448	4099086	97
സീനി. വെറ്ററിനറി സർജ്ജൻ	3	2	585000	172303	29
മെഡിക്കൽ ഓഫീസർ-CHC	17	14	12073549	7889722	65
മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	3	3	2060000	2021667	98
ഹെൽത്ത് ഓഫീസർ (നഗരസഭ)	22	11	6835973	3776197	55
പട്ടികജാതി വികസന ഓഫീസർ	13	13	16039632	15467713	96
ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	9	7004166	5656463	81
സെക്രട്ടറി	53	43	47024479	35130613	75
പ്രൊജക്ട് ഓഫീസർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്	8	5	4514200	3358200	74
മുനിസിപ്പൽ എഞ്ചിനീയർ	187	109	183140590	105260516	57
വ്യവസായ വികസന ഓഫീസർ	4	4	1380000	597750	43
ഹെഡ്മാസ്റ്റർ	1	1	2041174	2034231	100
പ്രിൻസിപ്പൽ, GHSS	4	3	2203645	1802561	82

ആകെ	330	221	289121856	187267022	65

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
ബാങ്ക് അക്കൗണ്ട്	17049	49517	66566	57408	9158
ട്രഷറി (അലോട്ട്മെന്റ്)	0	32800000	32798426	32798426	1574

ട്രഷറി അലോട്ട്മെന്റ് മുഖേന ലഭ്യമായ തുകയുടെ ചെലവിൽ തൊഴിലാളികളുടെ വേതനം, ഭരണചെലവുകൾ, മെറ്റീരിയൽ വാങ്ങൽ ചെലവുകൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നുണ്ട്.

(ഇൻകം &എക്സ്പെൻഡിച്ചർ പത്രിക I-15-ൽ Treatment Expense എന്ന ഹെഡിലാണ് ആകെ ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ Treatment Expense എന്ന പേരിൽ ചെലവില്ല).

1-7 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	4284400	239
2	വാർദ്ധക്യകാല പെൻഷൻ	47027200	3268
3	വികലാംഗ പെൻഷൻ	6168600	404
4	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	4575400	281
5	വിധവാ പെൻഷൻ	26755600	1738

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-02-2026 തീയതി 3.15 PMന് നഗരസഭ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16486/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് , ഓഫീസ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ

നിർവ്വഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ ചേർത്തിട്ടില്ല. 14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകൾ കൂടി മിനിട്സുകൾ തയ്യാറാക്കിയിട്ടുണ്ട്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരമുള്ള മിക്ക രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ, തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
വസ്തു നികുതി, ലൈസൻസ്, തൊഴിൽ നികുതി, വിനോദ നികുതി, വാടക എന്നീ പ്രധാന രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്ത റിപ്പോർട്ടുകൾ കെ-സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല.
നഗരസഭയിൽ കെ-സ്മാർട്ട് മുഖേനയുള്ള ഓൺലൈൻ സേവനങ്ങൾ 01.01.2024 മുതൽ ആരംഭിച്ചിട്ടുണ്ട്.KSMART ൽ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റർ ലോഗിനിൽ വ്യത്യാസങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധിക്കാൻ സാധിക്കുന്നില്ല. കെ സ്മാർട്ടിൽ Receipt Cancellation Report എന്ന മൊഡ്യൂൾ ലഭ്യമാണെങ്കിലും ഒരു ദിവസത്തെയോ, ഒരു കാലയളവിലെയോ രസീതുകളുടെ കാൻസലേഷൻ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഡി.സി.ബി വരവിനങ്ങളുടെ ഒരു സാമ്പത്തിക വർഷത്തെ സംക്ഷിപ്ത വിവരങ്ങൾ, കുടിശ്ശിക വിവരങ്ങൾ എന്നിവ കെ സ്മാർട്ടിൽ ലഭ്യമാകുന്നില്ല.
നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

വാർഷിക കണക്കിൽ വിവിധ കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് തുകകൾ പ്രത്യേകമായി കാണിക്കാതെ ഒറ്റ ഹെഡ്ഡിലാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ ഇനത്തിന്റേയും കേന്ദ്ര/സംസ്ഥാനാവിഷ്കൃത വരവ് ചെലവുകൾ നിരീക്ഷിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ബന്ധപ്പെട്ട വരവ് ചെലവുകളുടെ എ.സി.ആറും സൂക്ഷിച്ചിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി നഗരസഭയിലെ മുഴുവൻ ആസ്തികളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകളുടെ ട്രാക്കിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാനുവലിലെ നിർദ്ദേശമനുസരിച്ച് നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

നഗരസഭയുടെ ടൗൺഹാൾ നിർമ്മാണം പോലുള്ള തനത് ആസ്തികളുടെ നിർമ്മാണം ഭീമമായ തുക ചെലവഴിച്ചിട്ടും സമയബന്ധിതമായി പൂർത്തീകരിച്ച് വരുമാനദായക ആസ്തിയാക്കി ഉപയോഗപ്രദമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.
വസ്തു നികുതി കുടിശ്ശിക, വാടക ലേലം അടക്കമുള്ള നികുതി, നികുതിയേതര വരുമാനങ്ങളുടെ പിരിവ് കാര്യക്ഷമമാക്കേണ്ടതുണ്ട്.

പെൻഷൻ ഫണ്ട് ലഭ്യമാകാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. അവ യഥാസമയം കൃത്യമായി അനുവദിക്കുവാൻ സാധിക്കാത്ത വിധത്തിലുള്ള ധനസ്ഥിതിയാണ് നഗരസഭയിൽ നിലവിലുള്ളത്.

ടെണ്ടർ ഫോം വിറ്റ വകയിലുള്ള തുക മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് സാമ്പത്തിക വർഷാവസാനം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.കാലി ബാരലിന്റെ വില ഫൈനൽ ബിൽ നല്കുമ്പോൾ ബില്ലിൽ നിന്നും കുറവ് ചെയ്ത്

മുനിസിപ്പൽ സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് യഥാസമയം ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലി ടാർ ബാരൽ വില (ജി.എസ്.റ്റി ഉൾപ്പെടെ) മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നതിനു പകരം (നിലവിൽ രണ്ട് തനത് ഫണ്ട് അക്കൌണ്ട് ഉണ്ട്- 1.ട്രഷറി അക്കൊണ്ട്-799013000001133, 2. ബാങ്ക് അക്കൌണ്ട്-SBI-10347491171) മുനിസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ്ചെയ്തിരിക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഖണ്ഡിക 1-39 കാണുക)

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

30.01.2023 മുതൽ 14.02.2023 വരെയുള്ള തീയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ ഏപ്രിൽ 2019 മുതൽ ഡിസംബർ 2022 വരെയുള്ള കാലയളവിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. Lr.No.Audit-I/AMG-1/(H>Q)III/I/GP/8A-59/22-23/17-3-23 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല.

26-5-2015 മുതൽ 1-6-2015 വരെയുള്ള കാലയളവിൽ നടന്ന പെർഫോമൻസ് ഓഡിറ്റ് 2014-15 വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്.

1-11 നിഷ്ക്രിയ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വിവിധ പദ്ധതികൾക്കായി ആരംഭിച്ചെങ്കിലും നിലവിൽ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി അവശേഷിക്കുന്നുണ്ട്. ഇവയിൽ പലിശ വരവ് / ബാങ്ക് ചാർജ് മാത്രമാണ് വരവ് ഉള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	ബാങ്ക്	അക്കൗണ്ട് നം	ബാലൻസ് (31.03.2025)
1	എസ് ബി ഐ- സാൻഡ്	30570420986	5,05924
2	എസ് ബി ഐ- ഐ എച് എസ് ഡി പി	30883445453	46505
3	എസ് ബി ഐ- ബി ആർ ജി എഫ്	30425655293	5,60012
4	എസ് ബി ഐ- എം എൻ ലക്ഷംവീട്	30698536690	4,92,194
5	എസ് ബി ഐ- ഐ എൽ സി എസ്	67186445928	3,822
6	എസ് ബി ഐ-	67123741385	1,45,285

	സെൻസസ്		
7	കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് -	155512801000446	2,094
8	എച്ച് ഡി എഫ് സി - സ്വച്ച് ഭാരത് മിഷൻ	23481450000046	54,837
9	കോപ്പറേറ്റീവ് അർബൻ ബാങ്ക്	0102	21,33,968

ഇടപാടുകൾ നടക്കാതെ നിഷ്ക്രിയമായി ശേഷിക്കുന്ന മേൽ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ ഏതിനം വരവാണെന്ന് തിട്ടപ്പെടുത്തി, ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരികെ ഒടുക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.33/11-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 കെ-സ്മാർട്ട് സോഫ്റ്റ്വെയർ-അപാകതകൾ

ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (K-SMART – Kerala Solution For Managing Administrative Reformation And Transformation) സോഫ്റ്റ്വെയർ എല്ലാ നഗരസഭകളിലും വിന്യസിച്ച് ഭരണനിർവഹണം 2024 ജനുവരി 1 മുതൽ ഡിജിറ്റലൈസ് ചെയ്യുകയുണ്ടായി. ആയതിലേക്കായി തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പിന്റെ 21.12.2023 ലെ ഇ.ജി1/30/2023/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആദ്യഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ, കെട്ടിട നിർമാണം, പ്രോപ്പർട്ടി ടാക്സ്, ധനകാര്യം, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, പരാതി പരിഹാര സംവിധാനം, മാനവവിഭവശേഷി പരിപാലന സംവിധാനം (HRMS – കോൺഫിഗറേഷൻ മോഡ്യൂൾ), ബിസിനസ് ഫസിലിറ്റേഷൻ (ട്രേഡ് ലൈസൻസ്) എന്നീ 8 മോഡ്യൂളുകളാണ് നഗരസഭകളിൽ വിന്യസിച്ചിരിക്കുന്നത്.

10.04.2025 ലെ സ.ഉ(കൈ) നം. 66/2025/LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സമാന രീതിയിൽ വിന്യസിച്ച് പ്രവർത്തിപ്പിച്ച് പരിപാലിക്കുന്നതിനായി കെ-സ്മാർട്ടിന്റെ പ്രവർത്തനവും നടപടിക്രമങ്ങളും ഉൾപ്പെടുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കെ-സ്മാർട്ട് (K Smart) സോഫ്റ്റ്വെയർ ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വരവുകളും ചെലവുകളും കെ-സ്മാർട്ടിലൂടെയാണ് നടത്തേണ്ടതെന്നും മാനുവൽ രസീതുകൾ ഉപയോഗിക്കാൻ പാടില്ലെന്നും ഇ-പോസ് മെഷീനുകൾ ഉപയോഗിക്കണമെന്നും മാർഗ്ഗരേഖയിൽ നിർദേശിക്കുന്നുണ്ട്. നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും കെ-സ്മാർട്ടിൽ യഥാസമയം തയ്യാറാക്കുന്നതിനും ആയവ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി ലഭ്യമാക്കുന്നതിനുമായി ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി- വിവരങ്ങൾ ലഭ്യമല്ല

കെ-സ്മാർട്ട് നിലവിൽ വരുന്നതിന് മുൻപ്, സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫോം 6 പരിശോധനയ്ക്ക് ലഭ്യമല്ല. നിലവിൽ സഞ്ചയ

സോഫ്റ്റ്വെയറിലേക്ക് ഓഡിറ്റർ ലോഗിനിൽ ആക്സസ് ലഭിക്കാത്തതിനാൽ വസ്തുനികുതി ഡാറ്റാബേസിന്റെ കൃത്യത പരിശോധിക്കാനാവുന്നില്ല.

2. ലൈസൻസ്

ലൈസൻസ് ഫീ അടവാക്കിയ കാലയളവിന്റെ അടിസ്ഥാനത്തിൽ/ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ വരവിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

3.KSMART ൽ പ്രതിമാസ റീകൺസിലിയേഷൻ പത്രികയിലെ അപാകങ്ങൾ

KSMART ൽ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റർ ലോഗിനിൽ വ്യത്യാസങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണത്തിന് കാനറാ ബാങ്ക് Own Fund എന്ന 120027566327 നമ്പറുള്ള അക്കൗണ്ടിന്റെ 2025 മാർച്ച് മാസത്തെ പത്രികയിലെ Cheques Issued But Not Presented Into Bank എന്നയിനത്തിൽ 54519 രൂപ കാണിക്കുന്നുണ്ട്. എന്നാൽ ആയതിന്റെ വിശദവിവരങ്ങൾ KSMART ൽ ലഭ്യമാകുന്നില്ല.

4.പുതിയ കെട്ടിടങ്ങളുടെ റിപ്പോർട്ട് ലഭ്യമല്ല.

പുതിയ കെട്ടിടങ്ങളുടെ റിപ്പോർട്ട്, റെവന്യൂ റിക്കവറി/പ്രോസിക്യൂഷൻ/സ്റ്റേ യിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ റിപ്പോർട്ട് എന്നിവ നിലവിൽ ഓഡിറ്റർമാരുടെ ലോഗിനിൽ ലഭ്യമല്ല.

5.ഇ-പോസ് റിപ്പോർട്ട് സംബന്ധിച്ച്

ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഓരോ ബിൽ കളക്ടറുടെയും ഒരു നിശ്ചിത കാലയളവിലേക്കുള്ള ഇ-പോസ് കളക്ഷൻ റിപ്പോർട്ട് തിരയാൻ ഉതകുന്ന സംവിധാനം കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ നിലവിൽ ലഭ്യമല്ല.

1-13 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷം 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3 ലെ പട്ടിക പ്രകാരവും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്ക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാം അർദ്ധവർഷം മുതൽ സ.ഉ.(സാധാ)നം.1149/2024/LSGD/27.06.2024 പ്രകാരവും ആണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.സ്ഥാപനത്തിന്റെ പേര് :വിജയ ഒപ്റ്റിക്കൽസ്,വാർഡ്-17

ക്രമ നം	ജീവനക്കാരുടെ പേര്	അർദ്ധ വാർഷിക വരുമാനം (രൂപ)	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ട തൊഴിൽ നികുതി	കുറവ്	രസീതി നം & തീയതി
1	ഭാഗ്യലക്ഷ്മി	51012	450	750	300	R-M090200-24016438/25.02.2025
2	സുഭാഷ്	51012	450	750	300	R-M090200-24016438/25.02.2025
ആകെ					600	

2.സ്ഥാപനത്തിന്റെ പേര് :സുതാര്യ ഐ ക്ലിനിക്ക്,ഷൊർണ്ണൂർ,വാർഡ്-17

ക്രമ	ജീവനക്കാരുടെ	അർദ്ധ	ഈടാക്കിയ	ഈടാക്കേണ്ട	കുറവ്	രസീതി നം

നം	പേര്	വാർഷിക വരുമാനം (രൂപ)	തൊഴിൽ നികുതി	തൊഴിൽ നികുതി		& തീയതി
1	ശോഭ	72906	600	750	150	R-M090200-24016436/25.02.2025
2	ബിന്ദു	66450	600	750	150	R-M090200-24016436/25.02.2025
3	ലത	66450	600	750	150	R-M090200-24016436/25.02.2025
4	ജയന്തി	70506	600	750	150	R-M090200-24016436/25.02.2025
5	ഉമ	43908	300	600	300	R-M090200-24016436/25.02.2025
ആകെ					900	

3.സ്ഥാപനത്തിന്റെ പേര് :ശ്രീ നാരായണ ട്രസ്റ്റ് സെൻട്രൽ സ്കൂൾ,ഷൊർണ്ണൂർ-വാർഡ് 28

ക്രമ നം	ജീവനക്കാരുടെ പേര്	അർദ്ധ വാർഷിക വരുമാനം (രൂപ)	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ട തൊഴിൽ നികുതി	കുറവ്	രസീതി നം & തീയതി
1	അമൃതകുമാരി	73272	600	750	150	R-M090200-24019042/14.03.2025
2	പ്രീത ആർ മേനോൻ	73272	600	750	150	R-M090200-24019042/14.03.2025
3	പ്രസന്ന പ്രമോദ്	73272	600	750	150	R-M090200-24019042/14.03.2025
4	രതി.കെ	73272	600	750	150	R-M090200-24019042/14.03.2025
5	ബീന ബാലകൃഷ്ണൻ	73272	600	750	150	R-M090200-24019042/14.03.2025
6	മായ ദേവി എം.പി	73272	600	750	150	R-M090200-24019042/14.03.2025
7	ശ്രീജ.ഇ	73272	600	750	150	R-M090200-24019042/14.03.2025
8	ഹേമലത.വി.കെ	73272	600	750	150	R-M090200-24019042/14.03.2025
9	സ്മിത എ	73272	600	750	150	R-M090200-24019042/

						14.03.2025
10	ബിന്ദു എ ടി	73272	600	750	150	R-M090200-24019042/14.03.2025
11	ബിന്ദു ശശിധരൻ	73272	600	750	150	R-M090200-24019042/14.03.2025
12	ബിന്ദു എൻ.കെ	73272	600	750	150	R-M090200-24019042/14.03.2025
13	ഹെഗ്ഡ ആർ	73272	600	750	150	R-M090200-24019042/14.03.2025
14	രാജിത കെ ആർ	73272	600	750	150	R-M090200-24019042/14.03.2025
15	ബിജു എൻ എച്ച്	73272	600	750	150	R-M090200-24019042/14.03.2025
16	സുധ വി.പി	73272	600	750	150	R-M090200-24019042/14.03.2025
17	പ്രാജി എം	73272	600	750	150	R-M090200-24019042/14.03.2025
ആകെ					2550	

4.സ്ഥാപനത്തിന്റെ പേര് :സൗത്ത് ഇന്ത്യൻ മെറ്റൽ കമ്പനി,വാർഡ് 15

ക്രമ നം	ജീവനക്കാരുടെ പേര്	അർദ്ധ വാർഷിക വരുമാനം (രൂപ)	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ട തൊഴിൽ നികുതി	കുറവ്	രസീതി നം & തീയതി
1	പി.കെ ജിതിൻ കൃഷ്ണൻ	68960	600	750	150	R-M090200-24018821/06.03.2025
2	ടി.പി മണികണ്ഠൻ	63728	600	750	150	R-M090200-24018821/06.03.2025
3	ടി നിർമല	53680	450	750	300	R-M090200-24018821/06.03.2025
4	വി പി പത്മശ്രീ	29404	180	450	270	R-M090200-24018821/06.03.2025
ആകെ					870	

5.സ്ഥാപനത്തിന്റെ പേര് :സെന്ട്രൽ ബസാർ,കുളപ്പുള്ളി വാർഡ് 7

ക്രമ നം	ജീവനക്കാരുടെ പേര്	അർദ്ധ വാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ട തൊഴിൽ നികുതി	കുറവ്	രസീതി നം & തീയതി

		(രൂപ)				
1	ശ്രുതി എം	17900*6= 107400	750	1000	250	R-M090200-24016933/ 28.02.2025
ആകെ					250	

ആകെ നഷ്ടം- 600+900+2550+870+250=5170

കുറവ് തുക 5170/- രൂപ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഖണ്ഡിക 2-1 കാണുക)

തൊഴിൽ നികുതിയിനത്തിൽ ലക്ഷങ്ങൾ കുടിശ്ശികയായി ഈടാക്കാതെ അവശേഷിക്കുന്നു

2024-25 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തൻവർഷം തൊഴിൽ നികുതി ഇനത്തിൽ [Receivable For Profession Tax – Institutions/Professionals/Traders (Current), കോഡ്-431190101] ₹717401/- രൂപയും മുൻ വർഷങ്ങളിലെ തൊഴിൽ നികുതി ഇനത്തിൽ [Receivable For Profession Taxes - Institutions/Professionals/Traders (Arrears), കോഡ്-431190102] ₹227900 രൂപ കുടിശ്ശികയും ചേർത്ത് ആകെ ₹945301/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/07-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ലൈസൻസ് ഫീ അപാകങ്ങൾ

കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമായ ലൈസൻസ് മൊഡ്യൂൾ, വാർഷിക ധനകാര്യ പത്രിക എന്നിവയുടെ പരിശോധനയിൽ ലൈസൻസ് ഫീസ് വരവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു.

2011ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം7 പട്ടിക III പ്രകാരമുള്ള മൂലധന നിക്ഷേപത്തിനാനുപാതികമായി ഈടാക്കേണ്ട ലൈസൻസ് ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിഭാഗം	മേഖല	മൂലധന നിക്ഷേപം	ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ)
1	മൈക്രോ എന്റർപ്രൈസസ്	ഉൽപാദന മേഖല	25 ലക്ഷം രൂപയിൽ കൂടാത്തത്	500
		സേവന മേഖല	10 ലക്ഷം രൂപയിൽ കൂടാത്തത്	
2	മിനി എന്റർപ്രൈസസ്	ഉൽപാദന മേഖല	25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും	1000
		സേവന മേഖല	10 ലക്ഷം രൂപയിൽ കൂടുതലും 25 ലക്ഷം രൂപയിൽ	

			അധികരിക്കാത്തതും	
3	സ്മാൾ എന്റർപ്രൈസസ്	ഉൽപാദന മേഖല	ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും	5000
		സേവന മേഖല	25 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും	
4	മീഡിയം എന്റർപ്രൈസസ്	ഉൽപാദന മേഖല	5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും	10000
		സേവന മേഖല	2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും	
5	ലാർജ് എന്റർപ്രൈസസ്	ഉൽപാദന മേഖല	10 കോടി രൂപയിൽ കൂടുതൽ	15000
		സേവന മേഖല	5 കോടി രൂപയിൽ കൂടുതൽ	

മുനിസിപ്പാലിറ്റി പരിധിയിലുള്ള സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിൽ- വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ളതിൽ 7 സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ ലൈസൻസ് ഫീസ് ആയ 500, 1000രൂപ എന്നിങ്ങനെയാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	Application No	Building No	Name Of Jewellery	Capital Investment	Fees
1	BFIF-00045659-2024	20/438	KERALA JEWELLERY,SHORNUR	10 Lakh	500
2	BFIF-00072491-2024	15/704	JOSE JEWELLERY,KULAPPULLY	11 Lakh	1000
3	BFIF-00098852-2024	20/355	LAVANYA JEWELLERY,SHORNUR	10 Lakh	500
4	BFIF-00031950-2024	20/364	SREE LAKSHMI JEWELLERY,SHORNUR	20Lakh	1000
5	BFIF-00087511-2024	17/512	SANA GOLD SHORNUR	15 LAKH	1000
6	BFIF-00014253-2024	20/361	KRISHNA JEWELLERY,SHORNUR	15 LAKH	1000
7	BFIF-00147838-2024	20/412	BISMI JEWELLERY,SHORNUR	20 Lakh	1000

സ്വർണ്ണവ്യാപാര സ്ഥാപനം ആരംഭിക്കുന്നതിന് ആവശ്യമായ മൂലധന നിക്ഷേപം സ്ഥല പരിശോധനയിലൂടെ കൃത്യമായി കണക്കാക്കാവുന്നതാണ്. സേവന മേഖലയിലുൾപ്പെട്ട 10 ലക്ഷം രൂപയിൽ കൂടാത്ത മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട ഫീസ് ആണ് 500രൂപ. മേൽ സ്ഥാപനങ്ങളുടെ യഥാർഥ മൂലധന നിക്ഷേപം പരിശോധിച്ചുറപ്പുവരുത്തി ബാധകമായ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

2.ലൈസൻസ് ഫീ ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

ലൈസൻസ് ഫീസ് സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് മുൻകൂറായി ഈടാക്കേണ്ടതാണ്. എന്നാൽ 2024-25 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തൻവർഷം ലൈസൻസ് ഫീ ഇനത്തിൽ [Receivable For License Fee (Current), കോഡ്-4313003] **₹31083**/- രൂപയും മുൻ വർഷങ്ങളിലെ ലൈസൻസ് ഫീ ഇനത്തിൽ [Receivable For License Fee (Arrears), കോഡ്-4313004] **₹71554** രൂപ കുടിശ്ശികയും ചേർത്ത് ആകെ **₹102637**/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക്/ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

നഗരസഭ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിന്റേയും അനുവദിക്കുവാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെയും കൃത്യമായ എണ്ണം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഗാർഹികേതര കെട്ടിടങ്ങളിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/10-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 വസ്തുനികുതി അപാകങ്ങൾ

1) ഭീമമായ തുക വസ്തുനികുതി കുടിശ്ശികയിൽ നിന്നും ഒഴിവാക്കി

2023-24 വർഷത്തെ ബാലൻസ്ഷീറ്റിലെ Receivables For Property Tax (Arrear+Current) ഇനത്തിൽ 26697138 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 2024-25 വർഷം കുടിശ്ശിക ഇനത്തിൽ 6377468 രൂപ (ഹെഡ് 4311002 പ്രകാരം) ഈടാക്കിയിട്ടുണ്ട്. തൻവർഷം ബാലൻസ്ഷീറ്റ് പ്രകാരം അരിയർ ആയി 3570869 (4311002) രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മുൻവർഷത്തേത് ഉൾപ്പെടെ 20319670 രൂപയാണ് ആകെ കുടിശ്ശികയിനത്തിൽ ഈടാക്കാൻ ബാക്കിയുള്ളത്. ആയതിനാൽ കുടിശ്ശികയിനത്തിൽ 16748801 (20319670-3570869) രൂപയുടെ വ്യത്യാസം കാണുന്നു. മാത്രമല്ല ജേണൽ വൗച്ചർ നമ്പർ J-M090200-25000460 പ്രകാരം Prior Period Income ആയ 16429928 രൂപ വസ്തുനികുതി കുടിശ്ശികയിൽ നിന്നും ഒഴിവാക്കിയതായും കാണുന്നു.

കുടിശ്ശികയിനത്തിലുള്ള വ്യത്യാസത്തിനും, 16429928 രൂപ വസ്തുനികുതി കുടിശ്ശികയിൽ നിന്നും ഒഴിവാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതെ നികുതി ഈടാക്കിവരുന്നു

2013 ലെ വസ്തു നികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ റിസോർട്ടുകൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 90 രൂപയും ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 200 രൂപയുമാണ്. നഗരസഭയിലെ വസ്തുനികുതി പിരിവ്-കൃത്യത വിലയിരുത്തുന്നതിന്റെ ഭാഗമായി നികുതി നിർണ്ണയ

വിവരങ്ങളും കെ-സ്മാർട്ടിലെ ഡിമാന്റ് വിവരങ്ങളും പരിശോധിച്ചതിൽ നഗരസഭയിലെ വാർഡ് 26 ൽ (നെടുങ്ങോട്ടൂർ) പ്രവർത്തിച്ചുവരുന്ന കെ ബി രാമചന്ദ്രൻ കാക്കനാട്ട്, കോഴിപ്പാറ റോഡ്, ഷൊർണ്ണൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കാക്കനാട്ട് ആയുർവേദ ആശ്രമം എന്ന സ്ഥാപനത്തിന്റെ 56 ച.മീ വീതം തറവിസ്തീർണ്ണമുള്ള 3 കെട്ടിടങ്ങളുടെ (കെട്ടിട നമ്പർ: 26/263, 26/264, 26/265) വസ്തുനികുതി റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി നിർണ്ണയിച്ചിട്ടുള്ളതായി കണ്ടു. ഈ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലുള്ള (Https://Kakkanatayurveda.Com) പ്രോഫൈലിൽ സ്ഥാപനം എ സി/നോൺ എ സി കോട്ടേജ് റൂമുകൾ, ആയുർവേദ തെറാപ്പി, സ്കിൻ ട്രീറ്റ്മെന്റ്, ഫുൾ ബോഡി മസ്സാജ്, സ്റ്റീം ബാത്ത് ഉൾപ്പെടുന്ന ഹെറിറ്റേജ് ആയുർവേദ ആശ്രമമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ കെട്ടിട ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തിയോ മുനിസിപ്പാലിറ്റി ജി.ഐ.എസ് സംവിധാനം മുഖേനയോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ കുറ്റമറ്റ രീതിയിൽ സഞ്ചയ/കെ-സ്മാർട്ട് സോഫ്ട് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

ആയതിനാൽ 07.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണ പ്രകാരം ആയുർവേദ വെൽനസ്സ് സെന്റർ എന്ന ഉപയോഗക്രമം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതിനു ശേഷവും നാളിതുവരെ മേൽ കെട്ടിടങ്ങളെ ആയുർവേദ വെൽനസ്സ് സെന്റർ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ശരിയായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

മേൽ കാരണങ്ങളാൽ സ്ഥാപനത്തിന് ആയുർവേദ വെൽനസ്സ് സെന്റർ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/10.02.2026) G.O No.77/2023/LSGD Dtd. 07.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണം മുതലാണ് ആയുർവേദ വെൽനസ്സ് സെന്റർ എന്ന ഉപയോഗക്രമം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും, ടി കെട്ടിടങ്ങൾക്ക് 01.10.2005 മുതൽ BA No.70/04-05, BA No.71/04-05, BA No.72/04-05 ഫയൽ നമ്പറുകൾ പ്രകാരം കെട്ടിടനമ്പർ അനുവദിച്ചതിനാലാണ് റിസോർട്ട് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

1-16 ജി.എസ്.ടി റിട്ടേൺ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കുന്നില്ല

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.17/2024/ത.സ്വ.ഭ.വ തീയതി 31-01-2024 ലെ പുതുക്കിയ ഉത്തരവ് പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതും പ്രാബല്യ തീയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ചരക്ക്സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ

ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.
മുനിസിപ്പാലിറ്റി പരിധിയിൽ അനുരാഗ്, എം ലാൽ (വിസ്മയ) എന്നീ പേരുകളിൽ 2 മൾട്ടിപ്ലക്സ് സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്.350 രൂപ,200 രൂപ, 140 രൂപ, 110 രൂപ എന്നിങ്ങനെയാണ് ടിക്കറ്റുകളുടെ നിരക്ക്. വാർഷിക കണക്കുകൾ പ്രകാരം സാമ്പത്തിക വർഷത്തിൽ 3263335/- രൂപയാണ് വിനോദ നികുതിയിനത്തിൽ വരവായി ലഭിച്ചത്. വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി തിയേറ്റർ ഉടമകൾ സമർപ്പിച്ച ഡെയിലി കളക്ഷൻ റിപ്പോർട്ട് വിനോദ നികുതി രജിസ്റ്റർ എന്നീ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ മേൽ പറഞ്ഞ തിയേറ്ററുകളിൽ നിന്ന് തിയേറ്റർ ഉടമ നൽകുന്ന ഡെയിലി കളക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വിനോദ നികുതി ഈടാക്കിവരുന്നതെന്നും ജി.എസ്.ടി.ആർ 1 ബി വാങ്ങി സൂക്ഷിക്കുന്നില്ലെന്നും ജി.എസ്.ടി.ആർ 1 ബി യുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കി വരുന്നില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. ജി.എസ്.ടി.ആർ 1 ബി യുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.22/10-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 ക്രിമറ്റോറിയം പ്രവേശന ഫീ കളക്ഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ക്രിമറ്റോറിയം എൻട്രൻസ് ഫീ രജിസ്റ്റർ പ്രകാരം 2024-2025 വർഷം 475400 രൂപ വരവുണ്ട്. ടി തുക പിരിക്കുന്നതിനായി ഇഷ്യൂ ചെയ്ത രസീത് ബുക്ക്, രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രസീതിയുടെ വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രസീത് ബുക്ക്, രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.32/11-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 കടമുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ)) പ്രകാരം മുനിസിപ്പാലിറ്റിക്ക് വ്യാപാരത്തിനായുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വിധേയമായി ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കുകയും അവയുടെ ഉപയോഗത്തിനും കൈവശത്തിനും അത് നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്.
നഗരസഭയ്ക്ക് പഴയ ബസ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്, പുതിയ ബസ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്, രജതജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് എന്നിങ്ങനെ 3 ഷോപ്പിംഗ് കോംപ്ലക്സുകളും കാരക്കാട് വായനശാല കെട്ടിടം, കുളപ്പുള്ളി അമിനിറ്റി സെന്റർ, ടേക്ക് എ ബ്രേയ്ക്ക്, എന്നീ കെട്ടിടങ്ങളുമാണുള്ളത്. ഇവയിൽ ആകെ 131 കടമുറികൾ നിലവിലുള്ളതിൽ 124 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 7 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നവയാണ്.

വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ പരിശോധനകൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) വാടക ബൈലോ അംഗീകാരം നേടിയിട്ടില്ല
1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565 (ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 567, 568 വകുപ്പുകളിലെ അധികാരം

ഉപയോഗിച്ച് ബൈലോ രൂപീകരിച്ചു അംഗീകാരം ലഭ്യമാക്കാതെയാണ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകി വരുന്നത്. വാടകകാർക്ക് ബാധകമായ നിബന്ധനകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും (30.08.2016 തീയതിയിലെ കൌൺസിൽ തീരുമാനം നം-11) ആയതിന് അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിലേക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/09.02.2026) വാടക ബൈലോ അംഗീകാരത്തിനായി 05.04.2019 ന് R2/2809/11 Volume II പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പിൾ സെക്രട്ടറിക്ക് അയച്ച് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വാടക ബൈലോ അംഗീകാരം നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2) വാടകക്കാരുമായി നിയമാനുസൃത മുദ്രപ്പത്രത്തിൽ കരാറിലേർപ്പെട്ടിട്ടില്ല-53600 രൂപ നഷ്ടം

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 3ൽ (2)ാം ഉപവകുപ്പ് പ്രകാരമുള്ള കെട്ടിമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കേണ്ടതുമാണ്.

നഗരസഭയിൽ ആകെ 131 കടമുറികൾ നിലവിലുള്ളതിൽ 124 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇതിൽ 36 പേരിൽ നിന്നും മാത്രമാണ് മുദ്രപത്രത്തിലുള്ള കരാർ എഴുതി തയ്യാറാക്കിയിട്ടുള്ളത്. ആയതിൽ തന്നെ വ്യവസ്ഥകളും നിബന്ധനകളും കൃത്യമായി രേഖപ്പെടുത്തിയിട്ടുമില്ല. ബാക്കി 88 വാടകക്കാരിൽ നിന്നും നിയമാനുസൃത നിബന്ധനകൾ ഉൾപ്പെടുത്തി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2024 ലെ കേരള ധനകാര്യ ആക്ട് (18-ാം ആക്ട് No.8/Leg.A2/2024/Law തീയതി-28.07.2024) അദ്ധ്യായം-2ൽ പട്ടിക(ബി)33പ്രകാരം ഒരു വർഷത്തിൽ കൂടാത്ത കാലയളവിലേക്കുള്ള വാടക കരാറിന് 1-4-2024 മുതൽ മുദ്രപത്രത്തിന്റെ വില 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിലുള്ള വാടകക്കാരിൽ കരാറിലേർപ്പെട്ടിട്ടുള്ള 36 പേരിൽ 4 പേർ മാത്രമാണ് 500 രൂപയുടെ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കിയിട്ടുള്ളത്. ബാക്കി 32 പേരും 200 രൂപയുടെ മുദ്രപത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. 32 വാടകക്കാരുമായി കുറഞ്ഞ നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെട്ടതിനാലും 88 വാടകക്കാരുമായി കരാറിലേർപ്പെടാതിരുന്നതിനാലും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 53600 രൂപ (88x500 + 32x300) സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടായി. ടി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

3) പഴയ ബസ് സ്റ്റാൻഡ് കെട്ടിടത്തിൽ 7 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു

പഴയ ബസ് സ്റ്റാൻഡ് കെട്ടിടത്തിൽ 82 കടമുറികൾ നിലവിലുള്ളതിൽ 75 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബാക്കി 7 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നവയാണ്. കടമുറികൾ ഒഴിഞ്ഞുകിടക്കുന്നത് മൂലം നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ആയതിനാൽ ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും കടമുറികൾ എന്ന് മുതൽക്കാണ് ഒഴിഞ്ഞു കിടക്കാൻ തുടങ്ങിയതെന്നും ഒഴിഞ്ഞുകിടക്കാനുള്ള കാരണവും വിശദീകരിക്കാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/09.02.2026) പല തവണ ലേലം ചെയ്തിട്ടും ഓഫർ ക്ഷണിച്ചിട്ടും ആരും എറ്റെടുക്കാൻ തയ്യാറായില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഈ വിഷയത്തിൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകാത്ത രീതിയിൽ ഈ കടമുറികൾ ലേലം ചെയ്ത് നൽകുന്നതിന് ആവശ്യമായ നടപടികൾ ഭരണസമിതി

കൈക്കൊള്ളേണ്ടതാണ്.

4) 1883814 രൂപയുടെ അധിക കുടിശ്ശിക ഈടാക്കാനുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു/ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയിൽ വ്യത്യാസം

വാർഷിക കണക്കിൽ ഡിമാന്റ്, കളക്ഷൻ ഹെഡുകൾ ഉൾപ്പെടുത്തിയിട്ടില്ല; ബാലൻസ് ഹെഡ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക പൂജ്യമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാടക രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുമായി ഒത്തുപോകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) Rent Receivable From Buildings (Current)

തൻവർഷ വാടക	ഡിമാന്റ് (I-3)	കളക്ഷൻ (R17)	ബാലൻസ് (B14)
വാർഷിക കണക്ക് പ്രകാരം	ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല	കളക്ഷൻ രേഖപ്പെടുത്തിയിട്ടില്ല	0
രജിസ്റ്റർ പ്രകാരം	8665850	6782036	1883814
വ്യത്യാസം	8665850	6782036	1883814 (കൂടുതൽ)

Ii) Rent Receivable From Buildings (Arrears)

മുൻവർഷങ്ങളിലെ വാടക കുടിശ്ശിക	ഡിമാന്റ്	കളക്ഷൻ (R17)	ബാലൻസ് (B14)
വാർഷിക കണക്ക് പ്രകാരം	അരിയർ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല	അരിയർ കളക്ഷൻ രേഖപ്പെടുത്തിയിട്ടില്ല	0
രജിസ്റ്റർ പ്രകാരം	1833847	1035604	798243
വ്യത്യാസം	1833847	1035604	798243 (കൂടുതൽ)

വാടക രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവുള്ള കണക്കിലെ വ്യത്യാസം എന്താണെന്ന് വ്യക്തമാക്കേണ്ടതും സാംഖ്യയിൽ നിന്നും കെ-സ്മാർട്ടിലേക്ക് മാറിയപ്പോൾ അരിയർ ഡിമാന്റുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-19 സി.എസ്.ആർ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമല്ല

കേന്ദ്ര പരിസ്ഥിതി വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM (F.No.22-65/2017-IA.III Dated 1.05.2018), OM (F.No.22-65/2017-IA.III Dated 30.09.2020) എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത **(CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശ്ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ **പ്രധാന നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും

പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാക്കുന്ന സി,എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA (**SEIAA- State Environmental Impact Assessment Authority)** യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്.ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്

ലൈസൻസ് രേഖകൾ പ്രകാരം ഷൊർണ്ണൂർ നഗരസഭാ പരിധിയിൽ ക്യാപിറ്റൽ ഗ്രാനൈറ്റ്സ് എന്ന പേരിൽ ക്വാറി പ്രവർത്തിക്കുന്നുണ്ട്. മേൽ ക്വാറി ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം/ ഉടമ	ലൈസൻസ് നം, തീ	പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം	നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ തുക
1	**ക്യാപിറ്റൽ ഗ്രാനൈറ്റ്സ്,** ദിലീപ് കുമാർ കെ കുരിയിൽ വീട്, പരുത്തിപ്ര, ഷൊർണ്ണൂർ	Sm01/2022-23, 10.04.2023	1664/ EC1/2020/ SEIAA/ തി.16.08.2022	**Drinking Water Supply To Chemmankunnu SC Colony** 3,50,000/- (For 5 Years) **Well Recharge** 3,00,000/- (For 5 Years) **Renewable Energy** 3,00,000/- (For 5 Years) **Total 9,50,000/-**

2023-24, 2024-25 എന്നീ വർഷങ്ങളിൽ മേൽ നിർദേശിച്ച പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ടി സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ ആയത് ഉറപ്പ് വരുത്തുന്നതിനോ മോണിറ്റർ ചെയ്യുന്നതിനോ നഗരസഭ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/11.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. സി.എസ്.ആർ/സി.ഇ.ആർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളുടെയും മേൽ നിർദേശിച്ച പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 അനധികൃത കെട്ടിടങ്ങൾ-വിവരങ്ങൾ ലഭ്യമാക്കിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം ഫാറം 10-ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. കെ-സ്മാർട്ടിലെ വിവരങ്ങൾ പ്രകാരം 36 അനധികൃത കെട്ടിടങ്ങൾ നഗരസഭാ പരിധിയിലുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങളും അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/11.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-21 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ-വിവരങ്ങൾ ലഭ്യമല്ല

പ്രൊജക്ട് നം.	307/25, ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ
അടങ്കൽ	214408.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	211200.00
വൗച്ചർ നം/ തീയതി	J-M090200-24000817 തീയതി 21-11-2024
കെ സ്മാർട്ട് ഫയൽ നം	**2569649-2024**

മേൽ പ്രൊജക്ട് പ്രകാരം IRTC മുണ്ടൂരിൽ നിന്നും വാങ്ങിയ 22 ബോട്ടിൽ ബൂത്തുകളുടെ ബില്ലുകൾ ES/B2B/23-24/066 , ES/B2B/24-25/001 പ്രകാരം യഥാക്രമം 115200/- , 96000/- ഉൾപ്പെടെ ആകെ 211200/-രൂപ നൽകിയിട്ടുണ്ട്.

22 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ / പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.35/11.2.26 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പ്രവർത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/ബൂത്തുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 211200.00 തടസ്സപ്പെടുത്തുന്നു.

1-22 മുൻകൂർ അനുവദിച്ചത് സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ മുൻകൂറായി അനുവദിച്ച താഴെ രേഖപ്പെടുത്തിയിട്ടുള്ള തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	പേമെന്റ് ഓർഡർ നം. തീയതി	കെ സ്മാർട്ട് ഫയൽ നം.	തുക ₹	തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	ആവശ്യം
1	00129921/7.3.25	2644686	35000	രാജേഷ് പി.എസ്, സെക്രട്ടറി	അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈദരാബാദിൽ നടന്ന ജി ഐ എസ് മാസ്റ്റർ പ്ലാനിൽ

					പങ്കെടുക്കുന്നതിനുള്ള യാത്രാചെലവ്

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുകകൾ നൽകിയ തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. 04.10.2011ലെ സ.ഉ.(അ)419/2011/ധനം പ്രകാരം മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയപരിധിക്കകം ക്രമീകരണ ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തിരമായി തിരിച്ചു ഈടാക്കണം. ഇങ്ങനെ തിരിച്ച് ഈടാക്കുമ്പോൾ തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന തീയതി വരെ 18% നിരക്കിൽ പലിശ ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മുൻകൂർ തുക ക്രമീകരിക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം. 43/13.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സമയപരിധിക്കകം ക്രമീകരിക്കാത്ത മുൻകൂർ തുകകൾ ആയത് പിൻവലിച്ച തീയതി മുതൽ തിരികെ ഒടുക്കുന്ന തീയതിവരെ പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ബാങ്ക് അക്കൗണ്ട് നം. 120027566327 എന്ന കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്നും ചെക്ക് നം.142168/25.11.24 പ്രകാരം 25.11.24 തീയതിയിൽ തന്നെ തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ഈ ചെലവ് കെ.സ്മാർട്ടിൽ രേഖപ്പെടുത്തിയത് 7.3.25 തീയതിയിൽ മാത്രമാണ്. തുക പിൻവലിച്ചതിനുശേഷം മാസങ്ങൾക്കുശേഷം മാത്രം ചെലവ് രേഖപ്പെടുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്.

1-23 മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നം.	352/25, വ്യക്തിഗത ടോയ്ലറ്റ് നിർമ്മാണം
നിർവഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ
അടങ്കൽ	770000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 436047.00 + എസ് ബി എം 333953.00)
ചെലവ്	193343.00 (എസ് ബി എം)
ബിൽ നം/ തീയതി	3020608601240017/ 29-03-2025
കെ- സ്മാർട്ട് ഫയൽ നം	299109-2025

50 **PMAY(U)** വിഭാഗം ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം വ്യക്തിഗത ശൗചാലയ നിർമ്മാണത്തിനായി നൽകുവാൻ തയ്യാറാക്കിയ മേൽ പ്രൊജക്ട് പകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 6667/- രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്.

ക്രമ നം	പേര്	IFS Code	Account No	തുക
1	Pankajakshi	SBIN0000760	20187859458	6667.00
2	Ambika	CNRB0000719	0719108018912	6667.00
3	Saraswathy	SBIN0000760	32892818024	6667.00

4	Vathsala	SBIN0070787	67261182610	6667.00
5	Ushakumari	SBIN0000760	30142254961	6667.00
6	Karthiyani	CNRB0000719	0719108019522	6667.00
7	Pushpalatha	FDRL0001970	19700100020043	6667.00
8	Kumaran K T	CBIN0285051	3558458329	6667.00
9	Priya K	SBIN0070787	67156015988	6667.00
10	Mariyakutty K P	CNRB0000719	0719101038261	6667.00
11	Sudha	SBIN0000760	67311052530	6667.00
12	Lakshmikutty Amma	SBIN0000760	33010306067	6667.00
13	Santhikrishna	KLGB0040284	40284101057184	6667.00
14	Girija A	IDFB0008126	7988164283	6667.00
15	Girija P P	SBIN0000760	33106144711	6667.00
16	Santhakumari T	SBIN0000750	12955315501	6667.00
17	Suresh Babu M P	SBIN0000760	32985422855	6667.00
18	Nanda Kumar	CNRB0002554	110230176195	6667.00
19	Ibrahim	PUNB0430200	4102000100085131	6667.00
20	Leela	SBIN0000760	33273594666	6667.00
21	Vasanthakumari CK	IDFB0008126	7842970957	6667.00
22	Vijayalakshmi	KLGB0040284	40284101014958	6667.00
23	Sankaranarayanan	SBIN0000760	10347609887	6667.00
24	Abbas	CNRB0000719	0719101035284	6667.00
25	Sumesh	BKID0008546	854610110010201	6667.00
26	Devi	SBIN0000760	20373977786	6667.00
27	Velayudhan	SBIN0000760	11105362190	6667.00
28	Asharaf	SBIN0000760	20187858658	6667.00
29	Prajitha P T	SBIN0000760	34804149491	6667.00
Total				**1,93,343.00**

ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.35/11.2.26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി , സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-24 വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട കുടിവെള്ളവിതരണം-കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം അനുവദിച്ചതിന്റെ രേഖകളില്ല

നിർവഹണം-സെക്രട്ടറി

ഫയൽ നമ്പർ- PH1/266695/24

ക്രമ നം.	പ്രൊജക്ട് നം	അടങ്കൽ	ചെലവ്
1	296/25 വരൾച്ചാ ദുരുതാശ്വാസ പദ്ധതി കുടിവെള്ള വിതരണം(സ്പിൽ ഓവർ)	830800 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	830800

2	57/25വരൾച്ചാ ദുരുതാശ്വാസ പദ്ധതി കുടിവെള്ള വിതരണം	800000	614700

ഷൊർണൂർ നഗരസഭയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2023-24 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കി. ഈ പദ്ധതിക്കായി 28.2.24 തീയതിയിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.ദിലീപ് ശ്രീധരൻ, ആലങ്ങോട്ടിൽ, കുളപ്പുള്ളി എന്നയാൾക്ക് ചെയർമാന്റെ മുൻകൂർ അനുമതി പ്രകാരം കരാർ അനുവദിച്ചിട്ടുണ്ട്. പിന്നീട് 16.3.24 തീയതിയിലെ 10ാം നം. തീരുമാനം പ്രകാരം കൗൺസിൽ ഈ നടപടി സാധൂകരിച്ച് ക്വട്ടേഷൻ അംഗീകരിച്ചു. 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കർ ലോറിയിൽ ഒരു ട്രിപ്പിന് 3500/- രൂപ പ്രകാരമാണ് ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നത്.

കുടിവെള്ള വിതരണം നടത്തിയതിനുള്ള തുക 2023-24 വർഷത്തിൽ 171500/- രൂപ അനുവദിച്ചിട്ടുണ്ട്. രണ്ട് വാഹനങ്ങളിലായി 10.3.24 മുതൽ 7.6.24 തീയതി വരെ KL10 B 1260 എന്ന വാഹനത്തിൽ 363ട്രിപ്പ്, KL 23 C 4580 എന്ന വാഹനത്തിൽ 99 ട്രിപ്പ് എന്നിങ്ങനെ ആകെ 462 ട്രിപ്പ് കുടിവെള്ള വിതരണം നടത്തിയതിന് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക കരാറുകാരന് അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വണ്ടികളുടെ ജി പി എസ് ട്രിപ്പുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

ബിൽനം.	തുക
3286206108/303.24 (2023-24)	171500
102445879038/24.10.24	830800
102445868089/24.10.24	300000
102445879038/12.2.25	314700
ആകെ	1617000

വരൾച്ച മൂലം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം നഗരസഭകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു.

സർക്കാർ ഉത്തരവ് നം & തിയതി	അനുവദനീയമായ കാലയളവ്	പരമാവധി ചെലവഴിക്കാവുന്ന തുക
സ.ഉ(സാധാ) നം.405/2024/ LSGD, 19.2.24	10.03.2024-31.03.2024	12 ലക്ഷം
	01.04.2024-31.05.2024	17ലക്ഷം

ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.

1) 1617000/- രൂപ ചെലവ് വന്നിട്ടുള്ള ഈ പ്രൊജക്ടിന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു പകരം ക്വട്ടേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

2)വെള്ളം വിതരണം ചെയ്യേണ്ട കാലയളവ്, മറ്റ് നിബന്ധനകൾ എന്നിങ്ങനെയുള്ള നിയമാനുസൃത കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറുകാരനുമായി എഗ്രിമെന്റ് ചമക്കാതെയാണ് കുടിവെള്ളവിതരണം നടത്തിയിട്ടുള്ളത്. കരാറുകാരനായ ശ്രീ. ദിലീപ്

ശ്രീധരന് വർക്ക് ഓർഡർ നൽകിയതായി നോട്ട് ഫയലുകളിൽ രേഖപ്പെടുത്തിക്കാണുന്നുവെങ്കിലും വർക്ക് ഓർഡർ സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)ക്വട്ടേഷൻ നോട്ടീസിലെ (PH1/266695/24 Dtd,22.2.24) നിബന്ധനകൾ പ്രകാരം നഗരസഭ നിർദ്ദേശിക്കുന്ന ഇടങ്ങളിൽ നിന്നും വെള്ളം ശേഖരിച്ച് വിതരണം നടത്തുവാനാണ് ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭ നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ള സ്രോതസുകളുടെ വിശദാംശങ്ങളും പ്രസ്തുത സ്രോതസുകളിലെ വെള്ളം KWAയുടെ / സ്വകാര്യ സ്രോതസിൽ നിന്നാണെങ്കിൽ അംഗീകൃത ലാബിൽ ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും അത്തരത്തിലുള്ള രേഖകളൊന്നും ഹാജരാക്കുകയുണ്ടായില്ല

4) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 7.2.23 ലെ KWA/ HO/RMC/914/2011 നം.ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടാങ്കർ ലോറി കുടിവെള്ള വിതരണത്തിനായി നൽകുന്ന വെള്ളത്തിന് 1000 ലിറ്ററിന് 16.62 രൂപ നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രൊജക്ട് പ്രകാരം കുടിവെള്ളം ശേഖരിച്ചതിന് നഗരസഭ/ കരാറുകാരൻ തുക ഒടുക്കിയതിന്റെ രേഖകളില്ല.

5) കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം അനുവദിച്ചു നൽകുന്നതിന് നഗരസഭാ സെക്രട്ടറി കത്ത് നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി അസി എഞ്ചിനീയറിൽ നിന്നുള്ള വെള്ളം നൽകിയതിന്റെ സാക്ഷ്യപത്രം ഇല്ലതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്നും കരാറുകാരന് വെള്ളം അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

6)സ.ഉ (സാധാ) നം.405/2024/തസ്വഭവ,തീയതി 19.2.24 പ്രകാരം 31.5.24 വരെയാണ് കുടിവെള്ളവിതരണം നടത്താവുന്നത് എന്നാൽ കുടിവെള്ളവിതരണം നടത്തിയതിന്റെ രേഖകൾ പ്രകാരം 7.6.24 വരെ കുടിവെള്ളവിതരണം നടത്തി 12 ട്രിപ്പിന്റെ തുക അനുവദിച്ചിട്ടുണ്ട്. 31.5.24 തീയതിക്ക് ശേഷം കുടിവെള്ള വിതരണം നടത്തിയതിന് തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

തീയതി	ട്രിപ്പുകൾ (1 ട്രിപ്പ് 5000ലിറ്റർ)	തുക
1.6.24	3500	7000
2.6.24	3500	3500
3.6.24	3500	7000
4.6.24	3500	7000
5.6.24	3500	7000
6.6.24	3500	7000
7.6.24	3500	3500
ആകെ		42000

മേൽ ചെലവിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും അത്തരത്തിലുള്ള രേഖകളൊന്നും ലഭ്യമാക്കുകയുണ്ടായില്ല.

7) നഗരസഭാസെക്രട്ടറിയുടെ 6.5.24 ലെ ഉത്തരവ് നം,പി എച്ച് 1/266695/24 പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നത് അതത് വാർഡിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഉറപ്പുവരുത്തേണ്ടതാണെന്നും കുടിവെള്ളവിതരണത്തിനായുള്ള ലോറിയിൽ ഒരു സാനിട്ടേഷൻ വർക്കറെ നിയോഗിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ആയത്

പ്രകാരം ചുമതലപ്പെടുത്തിയ ജീവനക്കാരുടെ പേരുവിവരവും, വെള്ളം വിതരണം ചെയ്തുവെന്ന് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഉറപ്പുവരുത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8)സ.ഉ(സാധാ) നം.405/2024/LSGD, 19.2.24ഖണ്ഡിക8 പ്രകാരം കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിന് മുമ്പ് GPS ലോഗും വാഹനത്തിന്റെ ലോഗും ക്രോസ്സ് ചെക്ക് ചെയ്യേണ്ടതാണ്. 26.3.24 തീയതി വരെയുള്ള Vehicle Daily Trip Log Report മാത്രമാണ് കരാറുകാരൻ ലഭ്യമാക്കിയിട്ടുള്ളത്. 7.6.24 തീയതി വരെയുള്ള GPS – Vehicle Daily Trip Log Report പരിശോധിച്ച് ഉറപ്പുവരുത്താതെ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

9) KL10 B 1260 എന്ന വാഹനത്തിന്റെ 363ട്രിപ്പ് ഷീറ്റ് അംഗീകരിച്ച് തുക അനുവദിച്ചതിന്റെ ജി പി എസ് രേഖകൾ പരിശോധിച്ചതിൽ ചുരുങ്ങിയ സമയദൈർഘ്യവും (അഞ്ച് മിനുട്ട് ദൈർഘ്യമുള്ളവ) കുറഞ്ഞ ദൂരവുമുള്ള യാത്രകളും ഓരോ ട്രിപ്പായി കണക്കാക്കി തുക അനുവദിച്ചതായി കാണുന്നു. 10.3.24 മുതൽ 7.6.24 തീയതി വരെ ഈ വാഹനത്തിന് 363 യാത്രകളാണ് ഉണ്ടായിട്ടുള്ളത്. വെള്ളം ശേഖരിക്കുവാൻ നടത്തിയ യാത്രകൾ ഏതെന്ന് കണ്ടെത്തി ആയവ ഒഴിവാക്കിയതിനുശേഷം യഥാർത്ഥത്തിൽ കുടിവെള്ളവിതരണം നടത്തിയ യാത്രകൾക്കുമാത്രം തുക അനുവദിക്കുന്നതിനു പകരം എല്ലാ ട്രിപ്പുകൾക്കും 3500/- രൂപ വീതം കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ട്രിപ്പ് നമ്പർ	തീയതി/ യാത്ര പുറ്പ്പെട്ട സമയം	പുറപ്പെട്ട സ്ഥലം	തീയതി/ യാത്ര അവസാനിച്ച സമയം	എത്തിപ്പെട്ട സ്ഥലം	കി.മീ
1	2024-03-11 06:23:33	Govt Press-Shoranur, Shornur -	2024-03-11 06:34:57	Shornur - Perinthalmanna Road,	0.79
3	2024-03-11 05:49:08	Chorottur Temple Road, Chorctt'Jr	2024-03-11 05:54:46	Thrikkengode, Ottappalam, Palakl‹A.J	1.21
11	2024-03-12 06:31:20	Govemment Technical High School	2024-03-12 06:36:40	Shoranur, Ottappalam, Palakkad	1.93
13	2024-03-12 09:44:31	Govemment Technical High School	2024-03-12 09:53:32	Shoranur, Ottappalam, Palakkad	1.63
18	2024-03-14 06:17:43	Fire And Rescue Station Shoranur, Shornur - Perinthalmanna Road, Kulappully. Ottappalam, Palakkad.	2024-03-14 06:23:19	Shoranur, Ottappalam, Palakkad District, Kerala, 679121, India	1.65
326	2024-05-23 11:20:16	Shoranur, Ottappalam, Palakkad,	2024-05-23 11:28:28	PNB ATM, Ottappalam-KulapuIIy-	1.82
329	2024-05-23	Al Ameen Engg College,	2024-05-23	PNB ATM, Ottappalam-	1.92

	17:10:57	College Road,		Kulapully-17:24:08	
332	2024-05-23 13:16:45	Al Ameen Engg College, College Road,	2024-05-23 13:21:56	PNB ATM, Ottappalam-Kulapully-	1.92
338	2024-05-27 8:05:18	United Petrol Pump, Shornur - Perinthalmanna Road, Kulappully	2024-05-27 08:07.48	Indian Oil Pump-Shoranur, Shomur - Perinthalmanna Road, Kulappully	1.06
314	2024-05-27 8:05:18	United Petrol Pump, Shornur - Perinthalmanna Road, Kulappully,	2024-05-27 08:07.48	Indian Oil Pump-Shoranur, Shomur - Perinthalmanna Road, Kulappully	1.06
305	2024-05-17 11:19:16	AJ Ameen Engg College,	2024-0S-17 11:31:46	PNB ATM, 0ttappalam-KulapulIy-Shornur Road, Vaniamkulam	1.84
345	2024-05-29 08:19:24	PNB ATM, Ottappalam-KulapuIIy	024-05-29 08:25:10	Indian Oil Pump-Shoranur, Shomur - Perinthalmanna Road, Kulappully	1.46

ഈ യാത്രകൾ നടത്തിയിട്ടുള്ളത് കുടിവെള്ളം വിതരണം ചെയ്യുന്നതിനാണെന്ന് വ്യക്തമാകാത്ത സാഹചര്യത്തിലും കുടിവെള്ളം അനുവദിച്ചതിന്റെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ആധികാരിക രേഖകൾ ഇല്ലാത്തതിനാലും ഈ പദ്ധതി പ്രകാരം 2024-25 വർഷത്തിൽ ചെലവഴിച്ച തുക 1445500/- രൂപയുടെ ചെലവ് (1617000-171500) തടസപ്പെടുത്തുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

1-25 ബാലസഭാ പ്രവർത്തനങ്ങൾ

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അയൽകൂട്ടമാണ് ബാലസഭ. തലമുറകളിൽ നിന്നും തലമുറകളിലേക്ക് ഉള്ള ദാരിദ്ര്യം തടയുകയും വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനം, സംഘബോധം, നേതൃത്വശേഷി, സഹകരണ മനോഭാവം അവകാശ അധിഷ്ഠിത പ്രവർത്തനങ്ങളുടെ ജനാധിപത്യബോധം, സർഗ്ഗശേഷി, വ്യക്തി വികാസം പരിസ്ഥിതി ബോധം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ ഉണ്ടാക്കാൻ ബാലസഭ ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസഭാ പ്രവർത്തനങ്ങൾക്കായി മുനിസിപ്പാലിറ്റികളിൽ വാർഡ് ഒന്നിന് 1500 രൂപ ചെലവഴിക്കാവുന്നതാണ്.
ഷൊർണ്ണൂർ നഗരസഭയിൽ പ്രൊജക്ട് ഓഫീസർ നടത്തിയ ബാലസഭാ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം	പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രൊജക്ട്	211/25- ബാലസഭയ്ക്കുള്ള പഠനയാത്ര
അടങ്കൽ	₹85000 (വികസന ഫണ്ട്)
ചെലവ്	₹50000
ബി.ആർ എൻ നമ്പർ	07/09.03.2025

ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ. (കൈ) 86/2022/ത.സ്വ.ഭ.വ, തീയതി 19.4.2022 പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 6.4. -A(3), സബ്സിഡി മാർഗ്ഗ രേഖ -സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയതി. 28.5.22 ഖണ്ഡിക 7.7.10 എന്നിവ പ്രകാരം ബാലസഭാ പ്രവർത്തനത്തിന് ഏറ്റെടുക്കാവുന്ന പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖകളിൽ പ്രതിപാദിക്കാത്ത മേഖലയിൽ പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയതി. 28.5.22 ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത വാങ്ങലുകൾക്ക്/ സേവനങ്ങൾക്ക് സർക്കാർ ഉത്തരവ് (പി) നം.259/2010/2/LSGD Dtd 08.11.2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പാക്കാനായി ഇവൻടേജ് പ്ലസ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ്. ഇവൻടേജ് പ്ലസ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനായി പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസ് , ലഭ്യമായ ക്വട്ടേഷനുകൾ, ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) പഠനയാത്രയിൽ പങ്കെടുത്തവരുടെ പേരുവിവരവും, കുടുംബശ്രീ - ബാലസഭകളിൽ അംഗമാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

4)പ്രൊജക്ട് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മതിയായ രേഖകൾ സഹിതം മറുപടി / വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(14/07.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക(50000/- രൂപ) തടസ്സപ്പെടുത്തുന്നു.

1-26 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ

1. സിമന്റിന് മാർക്കറ്റ് നിരക്കിലും അധികമായി വില നൽകി

SECURE സോഫ്റ്റ്വെയറിലുള്ള ഡാറ്റ ആധികാരികമാക്കിയാണ് നഗരസഭയിൽ AUEGS എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ SECURE സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടുള്ള സിമന്റിന്റെ LMR നിരക്ക് (Local Market Rate) യഥാർത്ഥ

മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്നതായതിനാൽ SECURE നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂ എന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും, വ്യക്തിഗത ആസ്തികൾക്കും ഇത് ബാധകമായിരിക്കുമെന്നുമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 17.08.2022-ലെ No.NREGA/724/2022 A3 കത്തിലെ നിർദ്ദേശം നഗരസഭയിലും ബാധകമാണ്. 2024-25 വർഷം തുക അനുവദിച്ച വിവിധ പ്രവൃത്തികൾക്കായി മാർക്കറ്റ് വിലയിലും അധികരിച്ച നിരക്കിലാണ് നഗരസഭയിൽ സിമന്റ് വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വർക്ക് കോഡ്	പ്രവൃത്തിയുടെ പേര്	ഉപയോഗിച്ച സിമന്റിന്റെ അളവ് (50 Kg Bag)	എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (50 Kg Bag) (₹)	എം ബുക്ക് പ്രകാരം അനുവദിച്ച നിരക്ക്/ (₹)	സിമന്റിന് ആകെ അനുവദിച്ച തുക
1	14598/22	കുണ്ടുകാട് ബൈലൈൻ റോഡ്	65	611	475	30875
2	14262/22	വാർഡ് -29 റോഡ് കോൺക്രീറ്റിംഗ്	336	611	475	159600
3	14265/22	കോവിൽ പറമ്പ് രമേശിന്റെ വീട് മുതൽ പാപ്പുള്ളി വീട് വരെ റോഡ് കോൺക്രീറ്റിംഗ്	216	611	475	102600
4	116578/22	സമുദ്ര എസ്.എൻ കോളേജ് റോഡ് കോൺക്രീറ്റിംഗ്	220	611	475	104500
5	7954/22	അങ്കോത്ത് പടി മുതൽ സുമ കല്ലം പറമ്പിൽ എന്നിവരുടെ വീട് വരെ റോഡ് കോൺക്രീറ്റിംഗ്	165	611	475	78375

ഇക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് വകുപ്പ് പുറപ്പെടുവിച്ച കേരളത്തിലെ ബിൽഡിംഗ് മെറ്റീരിയൽ റേറ്റ് പ്രകാരം High Strength 53 Grade Cement 50 Kg ന് ബാധകമായ, പാലക്കാട് ജില്ലയിലെ മാർക്കറ്റ് വില ചുവടെ ചേർക്കുന്നു.

2022-23 നാലാം പാദം -₹405

2023-24 ആദ്യ പാദം-₹410

2023-24 രണ്ടാം പാദം-₹385

2023-24 മൂന്നാം പാദം-₹395

2023-24 നാലാം പാദം₹365

2024-25 ആദ്യ പാദം₹370

എന്നാൽ ഈ മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ സിമന്റ് ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് SECURE സോഫ്റ്റ്വെയറിലെ നിരക്ക് പ്രകാരം എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുകയും ഉയർന്ന നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സിമന്റിന് അധികവില നൽകിയതിനാൽ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. മേൽ വിഷയത്തിലേക്ക് ഭരണനിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. സപ്ലൈ ചെയ്യുന്ന മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് അളവെടുക്കുന്നില്ല

മെറ്റീരിയൽ സപ്ലൈ ആവശ്യമായ പ്രവൃത്തികൾക്ക് ടെണ്ടർ നടപടിക്രമം പാലിച്ച് വിതരണക്കാരനെ കണ്ടെത്തിയിട്ടുണ്ട്. CPWD Specifications (Section 1 – General) പ്രകാരം നിർമ്മാണ സാമഗ്രികൾ സൈറ്റിൽ ക്രമബദ്ധമായി, സുരക്ഷിതമായി, നിശ്ചിത സ്ഥലങ്ങളിൽ സ്റ്റാക്ക് ചെയ്യേണ്ടതാണ്. എന്നാൽ എം ബുക്ക് പരിശോധനയിൽ നിർമ്മാണ സാമഗ്രികൾ (സിമന്റ്/ അഗ്രിഗേറ്റ്/ മണൽ/കപാറി വെയ്സ്റ്റ് തുടങ്ങിയവ) സൈറ്റിൽ ആവശ്യമായ രീതിയിൽ സ്റ്റാക്ക് ചെയ്ത് അളവ് രേഖപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. ഇത് സാമഗ്രികളുടെ ഗുണനിലവാരം, അളവെടുപ്പ്/ ഉപയോഗം സംബന്ധിച്ച സുതാര്യതയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

സപ്ലൈ ഓർഡറിനനുസരിച്ച് മെറ്റീരിയൽസ് സപ്ലൈ ചെയ്യുമ്പോൾ കരാറുകാർ നൽകുന്ന ഇൻവോയ്സ് ഫയലിൽ ലഭ്യമാണ്. എന്നാൽ സാമഗ്രികൾ സ്റ്റാക്ക് ചെയ്തുള്ള അളവ് എം-ബുക്കുകളിൽ രേഖപ്പെടുത്തുന്നില്ല. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള വിസ്തൃതിയിലും അധികരിച്ച് പ്രവൃത്തി നടത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തി, എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ ലിമിറ്റ് ചെയ്ത് തുക അനുവദിച്ചിട്ടുണ്ടെങ്കിലും അധിക സാമഗ്രികൾ വിതരണം ചെയ്തുവെന്നതിന് രേഖകളില്ല.

സാധനസാമഗ്രികൾ സ്റ്റോക്കിലെടുക്കുന്നതായും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതായും തൊഴിലുറപ്പ് വിഭാഗം വാക്കാൽ അറിയിച്ചെങ്കിലും ഇത്തരമൊരു സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തന്മൂലം പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ അളവിൽ മെറ്റീരിയൽ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നില്ല.

3. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി– ഫലപ്രദമായ മോണിറ്ററിഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ(കൈ)നം.216/2017/ ത.സ്വ.ഭ.വ തീയതി 03/11/2017 പ്രകാരം ഓരോ നഗരസഭയിലെയും വാർഡ് സഭകൾ അതാത് വാർഡിൽ / ഡിവിഷനിൽ നടക്കുന്ന പ്രവൃത്തികളെ മോണിറ്റർ ചെയ്യുകയും, തൊഴിൽ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ, വേതന വിതരണം എന്നീ കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കണമെന്നും കൂടാത പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും ഓരോ ജാഗ്രത മേൽ നോട്ട കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതിയും ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തുകയും വേണമെന്ന് മാർഗരേഖയിൽ നിഷ്ക്കർഷിക്കുന്നുണ്ട്. പ്രവൃത്തി നടക്കുന്ന സ്ഥലത്തെ നിവാസികൾ

ഉൾക്കൊള്ളുന്നതായിരിക്കണം ഈ കമ്മിറ്റി എന്നും ഇതിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് വാർഡ് സമിതിയും ജാഗ്രതാ കമ്മിറ്റിയും രൂപീകരിക്കേണ്ടതും പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ടിനോട് ചേർത്ത് മോണിറ്ററിങ്ങ് റിപ്പോർട്ട് വെക്കണമെന്നും നിർദേശിക്കുന്നുണ്ട്.
ഇപ്രകാരം വാർഡ് കമ്മിറ്റിയും ജാഗ്രതാ മേൽനോട്ട കമ്മിറ്റിയും പ്രവൃത്തി സ്ഥലത്ത് രൂപീകരിക്കുകയും പ്രവൃത്തി വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സൈറ്റ് ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടിൽ ചിലതിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല. ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നിലവിലില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. നിർവഹിക്കപ്പെടുന്ന പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കേണ്ടത് അനിവാര്യമാണ്.

4. മസ്റ്റർ റോളുകൾ തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല.

ഫയലുകൾ പരിശോധിച്ചതിൽ ഏതാനും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ മസ്റ്റർ റോളുകളിൽ പ്രവൃത്തി ചെയ്ത തീയതി, ഒപ്പ് എന്നിവ രേഖപ്പെടുത്തുകയോ ആബ്സന്റ് ആയവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു. തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തലും മസ്റ്റർ റോളിന്റെ സൂക്ഷിപ്പും മേറ്റുമാരുടെ ചുമതലയാണ്. ആയത് ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല.

5. അളവ് പുസ്തകങ്ങൾക്ക് സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് വാങ്ങിക്കണം. നഗരസഭയിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, മുനിസിപ്പൽ എഞ്ചിനീയർ/ AUEGS എഞ്ചിനീയർ യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ, തൊഴിലുറപ്പ് പദ്ധതിയിലേക്ക് അനുവദിച്ച് നൽകിയ അളവ് ബുക്കുകൾക്ക് ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാവുന്നു. സെക്രട്ടറി അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുകയോ AUEGS വിഭാഗത്തിന് വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

6. തൊഴിലിന് വേതനം സമയബന്ധിതമായി ലഭിക്കുന്നില്ല

2020-21 വർഷം ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളുടെ നിർവ്വഹണം 2021-22 ൽ നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരം 2021-22 വർഷം നടപ്പാക്കിയ ചില റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെ തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ വില എന്നിവ ഫണ്ട് അപര്യാപ്തത മൂലം 2024-25 സാമ്പത്തികവർഷത്തിലാണ് നൽകിയിട്ടുള്ളത്. നഗരപ്രദേശങ്ങളിലെ ദരിദ്ര ജനങ്ങളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ പ്രാവീണ്യമില്ലാത്ത കൈത്തൊഴിൽ ചെയ്യാൻ തയ്യാറുള്ള നഗര കുടുംബങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസം വരെ വേതനത്തോടുകൂടിയ തൊഴിൽ നൽകുന്നതിനാണ് ലക്ഷ്യമിട്ടതെങ്കിലും ഈ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി സർക്കാർ വകയിരുത്തുന്ന തുകയുടെ അലോട്ട്മെന്റ് ലഭിക്കുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയും

അലോട്ട്മെന്റ് ലഭിക്കുമ്പോൾ തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിനും നിർദ്ദേശിച്ചുകൊണ്ട് നഗരകാര്യ ഡയറക്ടർ സർക്കുലർ (നം. DUA 5769/2022- DC-3 Dtd. 23.12.2022) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

7. പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് വേതനം - ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

രണ്ട്, നാല് ഡി.പി.ആർ പ്രകാരമുള്ള 55 പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് വേതനം ഇനത്തിൽ ആകെ 789694 രൂപ 2024-25 വർഷം നൽകിയിട്ടുണ്ട്. ആകെ 2914 തൊഴിൽ ദിനങ്ങൾ കണക്കാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. 20219-20 വർഷം തറനിർമ്മാണം , മെയിൻ വാർപ്പ് തുടങ്ങിയ ഘട്ടങ്ങളിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചോ എന്ന വിവരം പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. ആയത് ഉറപ്പുവരുത്തേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-27 വിവേകാനന്ദാ സ്റ്റാച്യൂ നിർമ്മാണം - വിശദാംശങ്ങൾ ലഭ്യമല്ല

Vivekannanda Statue എന്ന പേരിൽ താഴെ പറയുന്ന ഒരു ബാങ്ക് അക്കൗണ്ട് നഗരസഭ സൂക്ഷിക്കുന്നുണ്ട്.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Vivekannanda Statue PNB 43G2000100090892	2084171	72588	2156759	0	2156759

1. Statue നിർമ്മാണം ഏത് വർഷത്തെ പദ്ധതിയാണ് , പദ്ധതിയുടെ അടങ്കൽ, ഫണ്ടിനം, സ്രോതസ്സ് , നാളിതു വരെ ചെലവ് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

2. Statue നിർമ്മിക്കുന്ന സ്ഥലം, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കിയിട്ടില്ല

പദ്ധതി സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുക വിനിയോഗിക്കാൻ കഴിയാത്ത പക്ഷം സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടു ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം 39/ 13.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-28 സ്വയം തൊഴിൽ -വനിതകൾക്ക് ടൂവീലർ നൽകൽ ഫലപ്രാപ്തി ഉറപ്പാക്കിയിട്ടില്ല

പ്രൊജക്ട് നം 224/25

സ്വയം തൊഴിൽ -വനിതകൾക്ക് ടൂവീലർ (2023-24-സ്പിൽ ഓവർ)

അടങ്കൽ -100000(വികസനഫണ്ട് എസ്.സി.പി)

ചെലവ് -99373 (ബിൽ നം 2/15.05.24, ബിൽ നം 44/15/17.12.24)

നഗരസഭയിലെ തൊഴിൽരഹിതരായ വനിതകൾക്ക് ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നതിന് ടുവീലർ വാങ്ങുന്നതിന് പരമാവധി 50000 രൂപ വരെ സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിലവിൽ ഇരുചക്ര വാഹനം സ്വന്തമായി ഉള്ള വ്യക്തി ആവരുത്.

2023-24 വർഷം നടപ്പാക്കിയ പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണ് തൻവർഷം

നടപ്പാക്കിയിട്ടുള്ളത്.

താഴെ പറയുന്ന 2 ഗുണഭോക്താക്കൾക്കാണ് ഈ വർഷം തുക നൽകിയിട്ടുള്ളത്.

1. ശ്രീമതി ഇന്ദിര എം.ആർ,

Abies Scoobikes LLPEranad Tower, Pirayiri ,

ഇൻവോയ്സ് നം Vsbcky24-25/0106-98747

യൂണിറ്റ് കോസ്റ്റ് -98747

നൽകിയ സബ്സിഡി-49373,

2. കുമാരി ഐശ്വര്യ എൻ.പി

ക്ലാസിക് മോട്ടോർസ്,കുളപ്പുള്ളി, ഇൻവോയ്സ് നം 92/18.03.24,

യൂണിറ്റ് കോസ്റ്റ് -104218

നൽകിയ സബ്സിഡി-50,000

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം 115/22 ത.സ്വ.ഭ.വ തീയതി 28.05.22, 6.5.2(എ) പ്രകാരം ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നതിന് മാത്രമാണ് ടുവീലർ അനുവദിക്കാവുന്നത്. മേൽ ഗുണഭോക്താക്കൾ അവരുടെ ലൈസൻസ് , ടൂവീലർ, ഇരുചക്രവാഹനം ഉപയോഗിച്ച് നിലവിൽ ചെയ്യുന്ന സ്വയം തൊഴിലിന്റെ വിശദാംശങ്ങൾ എന്നിവ സഹിതം ഹാജരാകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം 18/09.02.26 ന് മറുപടിയായി ശ്രീമതി ഇന്ദിര എം.ആർ, ആവശ്യപ്പെട്ട രേഖകകൾ സഹിതം ഓഡിറ്റിനു മുമ്പാകെ ഹാജരായി. ഇവർ ഇരുചക്രവാഹനം ഉപയോഗിച്ച് നിലവിൽ തൊഴിൽ ചെയ്യുന്നുണ്ട്. എന്നാൽ കുമാരി ഐശ്വര്യ എൻ.പി ഹാജരായിട്ടില്ല. ഇവർ ഇരുചക്രവാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവർക്ക് മാത്രമാണ് പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും ഈ നിബന്ധന കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-29 കുടുംബാരോഗ്യ കേന്ദ്രത്തിലെ അധിക ജീവനക്കാരുടെ നിയമനം - സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി. 28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.2 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞ് വൈകുന്നേരങ്ങളിലും ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇതിനായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡ പ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം	മെഡിക്കൽ ഓഫീസർ, സി. എച്ച്. സി

പ്രൊജക്ട് 1	70/25- ഈവനിംഗ് ഒ.പി ചെലവുകൾ 2024-25
അടങ്കൽ	₹1966884 (വികസന ഫണ്ട്)
ചെലവ്	₹1961562

നിർവഹണം	മെഡിക്കൽ ഓഫീസർ, സി. എച്ച്. സി
പ്രൊജക്ട് 2	358/25 ഡയാലിസിസ് ജീവനക്കാരുടെ വേതനം
അടങ്കൽ	₹600000 (വികസന ഫണ്ട്)
ചെലവ്	₹599945

ക്രമ നം.	ബിൽ നം./ തീയതി	തുക
പ്രൊജക്ട് നം.70/25		
1	2/20.07.2024	57525
2	1/20.07.2024	57525
3	3/20.07.2024	51800
4	4/20.07.2024	57525
5	5/22.07.2024	57525
6	6/20.07.2024	49850
7	7/20.07.2024	57525
8	8/20.07.2024	57525
9	9/20.07.2024	52650
10	31/07.09.2024	55607
11	32/07.09.2024	55607
12	33/07.09.2024	47900
13	34/07.09.2024	57525
14	35/07.09.2024	57525
15	40/07.09.2024	57525
16	36/07.09.2024	57525
17	37/07.09.2024	57525
18	38/07.09.2024	52650
19	70/18.12.2024	60275
20	71/18.12.2024	60275
21	72/18.12.2024	53650
22	63/18.12.2024	52650
23	62/18.12.2024	50700
24	106/07.03.2025	115050
25	107/07.03.2025	115050
26	97/07.03.2025	48750

27	98/07.03.2025	52650
28	110/07.03.2025	81648
29	111/07.03.2025	115050
30	115/12.03.2025	46800
31	116/12.03.2025	115050
	ആകെ	1961562
പ്രൊജക്ട് നം.358/25		
1	25/07.09.2024	540555
2	26/07.09.2024	56835
3	27/07.09.2024	17515
4	28/07.09.2024	34435
5	29/07.09.2024	56835
6	30/07.09.2024	55405
7	79/21.12.2024	54055
9	94/15.01.2025	50520
10	108/07.03.2025	56835
11	119/12.03.2025	49520
	ആകെ	599945

ഷൊർണ്ണൂർ മുനിസിപ്പാലിറ്റി കുടുംബാരോഗ്യ കേന്ദ്രത്തിൽ താഴെപറയുന്ന ജീവനക്കാരെ നഗരസഭ നിയമിച്ച് 2024-25 വർഷത്തിൽ വികസനഫണ്ടിൽ നിന്ന് വേതനം നൽകിയിട്ടുണ്ട്. "70/25- ഈവനിംഗ് ഒ.പി ചെലവുകൾ" എന്ന പ്രൊജക്ടിൽ 2 ഡോക്ടടർ, 1 സ്റ്റാഫ് നഴ്സ്, 1 ഫാർമസിസ്റ്റ് എന്നിവരെയും "358/25 ഡയാലിസിസ് ജീവനക്കാരുടെ വേതനം" എന്ന പ്രൊജക്ടു പ്രകാരം 1 ഡയാലിസിസ് ടെക്നിഷൻ, 2 ക്ലീനിംഗ് സ്റ്റാഫ് എന്നിവരെയും നിയമിച്ച് വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി വേതനം നൽകി വരുന്നുണ്ട്. 1 സ്റ്റാഫ് നഴ്സ്, 1ഡയാലിസിസ് ടെക്നിഷൻ, 2 ക്ലീനിംഗ് സ്റ്റാഫ് എന്നിവരെ അധികമായി നിയമിച്ചിട്ടുണ്ട് .സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയതി. 28.5.22 ഖണ്ഡിക 8.6 ലെ വ്യവസ്ഥകളിൽ *സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ലായെന്നും ഏതെങ്കിലും ഒരു നൂതന പ്രൊജക്ട് നടപ്പാക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെങ്കിൽ 6 മാസത്തിൽ കവിയാതെ ഓണറേറിയം വ്യവസ്ഥയിൽ അത്തരം വിഭാഗത്തിൽപ്പെടുന്നവരെ നിയോഗിക്കാവുന്നതാണെന്നും ഓണറേറിയം തുകയുടെ നിരക്ക് ഉൾപ്പെടെയുള്ളവയ്ക്ക് നൂതന പ്രൊജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.*

മേൽ പ്രസ്തുത അധിക തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കാൻ സർക്കാർ അനുമതി ലഭ്യമാക്കിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/04.02.2026) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡി എ 1/363/2023 - തസ്വഭവ(ഡി എ) ,25.10.2023 ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനുള്ള അനുമതിയുണ്ടെന്നും 1 ഡയാലിസിസ് ടെക്നിഷൻ, 2 ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ നിയമത്തിന് നഗരസഭ മുഖാന്തിരം സർക്കാർ അനുമതി ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2561507 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-30 പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിന് അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല

ചെക്ക് നം. 142178/25-01-2025

പേമെന്റ് ഓർഡർ നം.FNPO-00110090-2024/25-01-2025-

തുക-92080.00

നഗരസഭയിൽ നിലവിലുള്ള 124 പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന് 2,23,400/- രൂപയുടെ എസ്റ്റിമേറ്റ് PHD/SRR//Deposit /2024-25 , 27.12.24 പ്രകാരം EE,KWA,PH Division Shornur നിന്നും ലഭ്യമായിട്ടുണ്ട്. 25.10.2023 ന് പൊതുടാപ്പുകൾ നീക്കം ചെയ്യാൻ 6,21,000/-രൂപ നൽകിയതിൽ 4,89,680/- വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ നിലവിൽ അവശേഷിക്കുന്ന തുകയായ 1,31,320/- രൂപ കഴിഞ്ഞുള്ള ബാക്കി തുക മേൽപ്പറഞ്ഞ ചെക്ക് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് 124 പൊതുടാപ്പുകൾ നീക്കം ചെയ്തത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് രേഖകളൊന്നും ലഭ്യമായിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ നഗരസഭ 2024-25 വർഷത്തിൽ തുക അടവാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതിന്റെയും നിലവിൽ എത്ര ടാപ്പുകൾ വിച്ഛേദിച്ചു എന്നതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/13.2.26) മറുപടി ലഭ്യമാക്കിയില്ല.

അനുവദിച്ച തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

1-31 അമൃത് 2.0 – ഡെപ്പോസിറ്റ് തുകകളുടെ ചെലവ് വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല

നിർവഹണം - സെക്രട്ടറി

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കുന്ന Pipe Line Replacement/ Extension Of Pipes & Providing 2290 FHTCs (Phase I) എന്ന പ്രവൃത്തിയുടെ അടങ്കൽ താഴെ ചേർക്കുന്നു.

കേന്ദ്ര വിഹിതം - 5.725 കോടി

സംസ്ഥാന വിഹിതം - 4.2975 കോടി

നഗരസഭാ വിഹിതം - 1.43125 കോടി

ആകെ - 11.45 കോടി

മെയിന്റനൻസ് കോസ്റ്റ് - 0.7 കോടി

അമൃത് 2.0 പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂരിലേക്ക് താഴെപ്പറയും പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

Sl.No	Particulars	Voucher No./ Date	Amount
1	III & IV Part Bill	52429477872/22.5.24	17536292
2	V Part Bill	92415584321/11.9.24	20504643
4	VI Part Bill	102455433482/30.10.24	10916308
		Total	48957243

മേൽ പ്രകാരം 48957243/- രൂപ ഡെപ്പോസിറ്റ് ചെയ്തതിന്റെ ചെലവ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 39/13.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 നഗരസഭാ പെൻഷൻ ഫണ്ട് വിതരണം അവലോകനം

എ)) റെഗുലർ പെൻഷൻ

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ മൊത്തശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടതും ചട്ടം 9(3) പ്രകാരം പ്രതിമാസ പെൻഷൻ, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശിക എന്നിവയ്ക്കായി വേണ്ടിവരുന്ന മൊത്തം തുക ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭാ സെക്രട്ടറിക്ക് നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10-ൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനത്തിൽ ലഭ്യമായ തുക ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ്.ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയ്ക്ക് ചട്ട പ്രകാരമുള്ള തുക, മുൻവർഷങ്ങളിൽ എല്ലാ മാസങ്ങളിലും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് സാധിച്ചിരുന്നില്ല. 2018 ഓഗസ്റ്റ് മാസം മുതൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി അടവാക്കി വരുന്നുണ്ട്.

നഗരസഭയിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ തുക നഗരകാര്യ ഡയറക്ടറിൽ നിന്നും അലോട്ട്മെന്റ് ആയി കൃത്യമായി ലഭിക്കുന്നില്ല. വിരമിക്കുന്ന ജീവനക്കാരന്റെ പെൻഷൻ തുക നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തുടർന്ന് പെൻഷൻ ഫണ്ടിൽ നിന്നും റീ ഇംപേഴ്സ് ചെയ്യുന്നതുമാണ് എന്ന ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന രീതിയാണ് നിലവിലുള്ളത്.

2024-25 വർഷത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരം, ഈയിനത്തിൽ നഗരസഭ അടവാക്കിയ തുകയുടെ വിവരം, പെൻഷൻ ഫണ്ട് ലഭ്യമായതിന്റെ വിവരം, നഗരസഭയ്ക്ക് പെൻഷൻ ഇനത്തിലുണ്ടായ ചെലവ്, ലഭ്യമാക്കുവാൻ അവശേഷിക്കുന്ന തുക എന്നിവ സംബന്ധിച്ച് നഗരസഭയിൽനിന്നും ലഭിച്ച (ഓഡിറ്റ് എൻകയറി നം.05/2.02.2026) വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ക്രമ നം.	31.3.2025 വരെയുള്ള റെഗുലർ പെൻഷൻ വിശദാംശം	തുക
1	പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക (റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നീയിനങ്ങളിൽ	5912139

	മേൽ കാലയളവിൽ നഗരസഭ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക)	
2	പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുക	ഇല്ല
3	പെൻഷൻ കോൺട്രിബ്യൂഷൻ, കമ്മ്യൂട്ടേഷൻ, സി.വി.പി എന്നീയിനങ്ങളിൽ നഗരസഭ ഒടുക്കേണ്ടതായ തുക	തുക അടവാക്കാൻ അവശേഷിക്കുന്നില്ല
4	സെൻട്രൽ പെൻഷൻ ഫണ്ടിൽ നഗരസഭ അടയ്ക്കേണ്ട തുകയും അലോട്ട്മെന്റായി നഗരസഭയ്ക്ക് അനുവദിച്ച തുകയും കഴിച്ച് പെൻഷൻ ഫണ്ടായി നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട തുക	5912139(Current) 46968787(arrear)
5	പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ അവശേഷിക്കുന്ന ജീവനക്കാരുടെ വിശദാംശവും തുകയും	ഡി. ആർ കുടിശ്ശിക – 193713 (22 പെൻഷനേഴ്സ്)

റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ മേൽ കാലയളവിൽ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.
നഗരസഭക്ക് ലഭ്യമാകേണ്ട കുടിശ്ശിക തുക ഏത് കാലയളവ് മുതലാണെന്ന് വ്യക്തമല്ല. കുടിശ്ശിക അടക്കമുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭയിൽ റഗുലർ പെൻഷൻ ഫണ്ട് പരിപാലിക്കുന്നതിനായി ഷൊർണൂർ സബ് ട്രഷറിയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് (നം.TPA 799011400007516)

ബി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ വേതനത്തിന്റെ 15% മാസവിഹിതം ആയി മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1997 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് പരിപാലിക്കുന്നതിനായി ഷൊർണൂർ സബ് ട്രഷറിയിൽ അക്കൗണ്ട് നിലവിലുണ്ട്. (നം.TPA 799011400007515) .

ഇനം	റിമാർക്സ്
കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം	32
2023-24 വർഷം വരെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്ന തുക	കൃത്യമായ കണക്ക് ലഭ്യമല്ല
കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക	0
കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ നിന്ന് ലഭ്യമായ തുക	0
പെൻഷൻ ഫണ്ടിനത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന തുക	കൃത്യമായ കണക്ക് ലഭ്യമല്ല
കണ്ടിജന്റ് പെൻഷൻ നൽകുന്നതിനായി 2024-25 വർഷത്തിൽ ചെലവഴിച്ച തുക (തനത് ഫണ്ടിൽ നിന്നും)	8248085
കണ്ടിജന്റ് പെൻഷൻ	കണ്ടിജന്റ് പെൻഷൻ

	പരിഷ്കരണം കുടിശ്ശിക - ഇല്ല
ഇനത്തിൽ ആകെ നൽകുവാൻ അവശേഷിക്കുന്ന തുക	കണ്ടിജന്റ് പെൻഷൻ ഡി.ആർ കുടിശ്ശിക-256936

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന പെൻഷൻ കോൺട്രിബ്യൂഷൻ മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നതിനു പകരം തനത് ഫണ്ടിലാണ് അടവാക്കിയിട്ടുള്ളത്. ആയതിനാൽ 2024-25 വർഷം വരെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്ന തുക, പെൻഷൻ ഫണ്ടിനത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന തുക എന്നിവയുടെ കണക്കുകൾ ലഭ്യമല്ല. ഈ കണക്കുകൾ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുന്നില്ല. ആയത് പരിശോധിച്ച് കണക്കുകൾ കൃത്യമാക്കേണ്ടതും, പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

പെൻഷൻ നൽകുന്ന ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി പെൻഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 കോക്ലിയാർ ഇംപ്ലാന്റ് - കെ.എസ്.എസ്.എം - വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം./ പേര്	406/25, കോക്ളിയാർ ഇംപ്ലാന്റ് - കെ.എസ്.എസ്.എം - വിഹിതം നൽകൽ
അടങ്കൽ	100000 (വികസനഫണ്ട് - ജനറൽ)
ചെലവ്	100000
ബിൽ നമ്പർ / തീയതി	91/15.01.25

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കു വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ Maintenance നും Processor Upgradation നും State Health Agency മുഖേന നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് State Health Agency യുടെ അക്കൗണ്ടിലേക്ക് (നം - 3301005800000015) 100000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ചികിത്സക്കു വിധേയമായിട്ടുള്ള കുട്ടികളുടെ വിവരം താഴെ ചേർക്കുന്നു.

1)അശ്വന്ത്.വി

2)മെഹമ്മദ് ഷാദിൽ. സി..കെ

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം കോക്ളിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50,000 രൂപ വീതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകാവുന്നതാണ്.

കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയനായ ഗുണഭോക്താവായ അശ്വന്ത്.വി, മെഹമ്മദ് ഷാദിൽ. സി.കെ എന്നീ വിദ്യാർത്ഥികൾക്കായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ PUNB3301005800000015 അക്കൗണ്ടിലേക്ക് 100000 രൂപട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്ക് തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല.

തസ്വഭ (ഡി എ)) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തികവർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് കൈമാറുന്നതിനും നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം തുകയുടെ വിനിയോഗസാക്ഷ്യപത്രം തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം ലഭ്യമായിട്ടുള്ള വിവരം മോണിറ്റർ ചെയ്തിട്ടുണ്ടോ, മുൻവർഷങ്ങളിൽ ഇത്തരത്തിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളിൽ നിന്ന് ചെലവായ യഥാർത്ഥ തുക കഴിച്ച് ബാക്കി തുക ഈടാക്കിയിട്ടുണ്ടോ, തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 39/13.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

തുടർനടപടികളുടെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-34 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം കെ എസ് ഇ ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പ്രോജക്ട്	9/25 കെ എസ് ഇ ബി ഡെപ്പോസിറ്റ് പദ്ധതി	റിമാർക്സ്
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി	135398/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്
അടങ്കൽ	2082832 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1912000, വികസനഫണ്ട്- ജനറൽ-316960)	
ചെലവ്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1912000, വികസനഫണ്ട്- ജനറൽ-170832)	
ബിൽ / വൗച്ചർ നം.	82418431218/13.8.24 – 139884 12537975679/29.1.25-49450 32549261196/15.3.25 – 1722666 ട്രഷറി ബിൽ നം.136/18.3.25 – 170832	

പ്രൊജക്ട്	295/25 കെ എസ് ഇ ബി ഡെപ്പോസിറ്റ് പദ്ധതി (എസ് ഒ)
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	270606 (വികസനഫണ്ട്- ജനറൽ- 251939, ധനകാര്യ കമ്മീഷൻ ഗ്രാന്റ് -18667)
ചെലവ്	270606 (വികസനഫണ്ട്- ജനറൽ 251939, ധനകാര്യ കമ്മീഷൻ ഗ്രാന്റ് -18667)
ബിൽ / വൗച്ചർ നം.	ട്രഷറി ബിൽ 92/28.1.25 -251939 92408623051/19.9.24-18667

മേൽ രണ്ട് പ്രൊജക്ടുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് കെ എസ് ഇ ബി യിൽ ആകെ 2353438/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച രേഖകൾ പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 7/4.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തി നടപ്പാക്കിയ തുകക്കുള്ള വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാനും അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ തിരികെ ലഭ്യമാക്കാനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 തെരുവു വിളക്കുകളുടെ വാങ്ങൽ പദ്ധതി അധിക നിരക്കിൽ സാധനങ്ങൾ വാങ്ങി

നിർവഹണ ഉദ്യോഗസ്ഥൻ-മുനിസിപ്പൽ സെക്രട്ടറി

ഫയൽ നം.ഇ3 എസ് ഒ. 269/24.

പ്രൊജക്ട്	അടങ്കൽ	ചെലവ് തുക	ബിൽനം.	ഇൻവോയിസ് നം.
SO 288/25- സ്ട്രീറ്റ്ലൈറ്റ് പർച്ചേസിംഗ്(സ്പിൽ ഓവർ)	168781 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	168781	55/12.9.24	314/18.3.24

2023-24 വർഷത്തെ പ്രൊജക്ട് നം. 269/24 പ്രകാരം 450000/- രൂപ വകയിരിത്തുകയും 449991/- രൂപ ആ വർഷം തന്നെ ചെലവഴിക്കുകയും ചെയ്തു. തൻവർഷത്തിൽ അധിക വകയിരുത്തൽ നടത്തി ഈ പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തു. മുൻവർഷ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 18.12.23 തീയതിയിൽ നടന്ന ടെണ്ടർ പ്രകാരം "ഗുഡ്വിൽ ഇലക്ട്രിക് വേൾഡ്, കുളപ്പുള്ളി " എന്ന സ്ഥാപനത്തിന്റെ 449991 /- രൂപയുടെ ടെണ്ടർ അംഗീകരിച്ച് 1.12.2023 തീയതിയിൽ ഈ സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും 2023-24 വർഷത്തിൽ തന്നെ വാങ്ങുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച ടെണ്ടർ തുകയിൽ അധികരിച്ച് അതേ സപ്ലയറിൽ നിന്നും തുടർന്നും വാങ്ങൽ നടത്തുകയാണ് സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം ചെയ്തിട്ടുള്ളത്.

മേൽപ്പറഞ്ഞ ഇൻവോയിസിലെ ക്രമ നം. 4 പ്രകാരം വാങ്ങിയ 998 മീറ്റർ 2.5MM SER/WIRE ന് 18961/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിരക്ക് കണക്കാക്കുമ്പോൾ മീറ്ററിന് 19/- രൂപ ആണ്. എന്നാൽ അംഗീകരിച്ച ടെണ്ടർ പ്രകാരം ഈ സാധനത്തിന്റെ നിരക്ക് ജി എസ് ടി ഉൾപ്പെടെ 13.5 രൂപ മാത്രമാണ്. ഈയിനത്തിന് മീറ്ററിന് 5.5 രൂപ അധിക നിരക്ക് അനുവദിച്ചതിനാൽ 5489/- (5.5x998മീ.) രൂപ അധികമായി സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഈയിനത്തിന് അധികനിരക്ക് അനുവദിച്ചതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.7/4.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികമായി അനുവദിച്ച തുക നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കാണുക)

1-36 പദ്ധതി മോണിട്ടറിംഗ് -പത്രപ്പരസ്യത്തിന് അധിക തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം./ പേര്	6/25, പദ്ധതി മോണിട്ടറിംഗ്
അടങ്കൽ	200000 (വികസനഫണ്ട് - ജനറൽ)
ചെലവ്	201252

ബിൽ നമ്പർ 84/10.1.25 പ്രകാരം 57175/- രൂപ പത്രപ്പരസ്യത്തിന്റെ തുക അനുവദിക്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. പത്രപ്പരസ്യം നൽകിയതിന്റെ ഇൻവോയിസുകൾ പ്രകാരമുള്ള തുകയിൽ അധികരിച്ചാണ് മംഗളം പബ്ലിക്കേഷന് തുക അനുവദിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

മംഗളം ദിനപ്പത്രത്തിന് നൽകേണ്ട തുക		ദേശാഭിമാനി പബ്ലിക്കേഷന് നൽകേണ്ട തുക	
ഇൻവോയിസ് നം.	തുക	ഇൻവോയിസ് നം.	തുക
MDR 2313/2023-24, 24.1.23	2016	PKD/23-24/1575-24.11.23	6105
MDR 2921/2023-24, 31.1.24	1927	PKD/23-24/2103-31..1.24	6105
MDR 3201/2023-24, 25.2.24	2570	PKD/23-24/1991-16.1.24	6105
MDR 573/2023-24, 12.6.24	2570	PKD/23-24/2370-26.2.24	6105
MDR 1349/2023-24, 12.9.24	2016	PKD/23-24/0227-12.6.24	6105
MDR 1447/2023-24, 20.9.24	2688	PKD/23-24/0829-29.9.24	6105

MDR 1534/2023-24, 29.9.24	2688	PKD/23-24/1263-7.12.24	4070
ആകെ	16475		40700

മേൽപ്പറഞ്ഞ ബിൽ പ്രകാരം ദേശാഭിമാനിക്ക് നൽകേണ്ട 40700/- രൂപ മംഗളം ദിനപ്പത്രത്തിന് അനുവദിക്കുകയും മംഗളത്തിന് അനുവദിക്കേണ്ട 16475/- രൂപ ദേശാഭിമാനിക്ക് അനുവദിക്കുകയായിരുന്നു. ദേശാഭിമാനിക്ക് ബാക്കിയായി നൽകേണ്ട 24225/- രൂപ (40700-16475) പ്രൊജക്ട് നം. 5/25 ൽ നിന്നും 21.3.25 തീയതിയിലെ സാംഗ്ഷൻ ഓർഡർ നം. 631/21.3.25, 54750/- പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി നൽകിയ പത്രപ്പരസ്യചെലവുകളാണെങ്കിലും പദ്ധതി രൂപീകരണചെലവുകളിൽ നിന്നും വഹിക്കേണ്ട ഈ ചെലവുകൾ പദ്ധതി മോണിട്ടറിംഗ് എന്ന പദ്ധതിയിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. മേൽപ്രകാരം മംഗളം ദിനപ്പത്രത്തിന് അധികമായി അനുവദിച്ച 24225/- രൂപ (40700-16475) തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാനും അധിക തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 7/4.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. (ഖണ്ഡിക 3-2 കാണുക)

1-37 വീഡിയോ ഡോക്യുമെന്റേഷൻ - പദ്ധതി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം./ പേര്	52/25, വീഡിയോ ഡോക്യുമെന്റേഷൻ
അടങ്കൽ	200000 (വികസനഫണ്ട് - ജനറൽ)
ചെലവ്	82600
ബിൽ നം.	100/21.2.25

മേൽപ്പറഞ്ഞബിൽ പ്രകാരം വീഡിയോ ഡോക്യുമെന്റേഷൻ നടത്തുന്നതിന് താൽപര്യപത്രം ക്ഷണിച്ച് DOT VIEWഎന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പാർട്ട് ബിൽ തുകയായ 82600/- രൂപ DOT VIEWഎന്ന സ്ഥാപനത്തിന് ഇൻവോയിസ് നം.2221-205/5.2.25 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താൽപര്യപത്രം ക്ഷണിച്ചത് പ്രകാരം കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ദൈർഘ്യമുള്ള വീഡിയോ 8K UHD ക്വാളിറ്റിയുള്ള 10-15 മിനുട്ട് ദൈർഘ്യമുള്ള ഷോർട്ട് വീഡിയോ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ലഭ്യമാക്കിയ ഇൻവോയിസിൽ വീഡിയോയുടെ ദൈർഘ്യം, ക്വാളിറ്റി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ വീഡിയോയുടെ സ്പെസിഫിക്കേഷൻ, ഈ വീഡിയോ പ്രദർശിപ്പിച്ചിട്ടുള്ളതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻകൃയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും അത്തരം രേഖകളൊന്നും ലഭ്യമാക്കുകയുണ്ടായില്ല. സ.ഉ(സാധാ) നം. 1452/2020/തസ്വഭവ, തീയതി 4.8.20 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ നിലവിലെ ഭരണസമിതിയുടെ കാലത്തെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് തനതുഫണ്ടിൽ നിന്നും 2.50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഷൊർണൂർ നഗരസഭയിൽ ഈ പൊജക്ടിനായി തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിനു പകരം പദ്ധതി

ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല. സർക്കാർ അനമതിയില്ലാതെ ഈ പ്രൊജക്ടിനായി പദ്ധതി ഫണ്ട് വിനിയോഗിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 11/7.2.26) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് അനുമതി ലഭ്യമാക്കും വരെ പ്രസ്തുത ഇനത്തിലെ 82600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 സ്ടീറ്റ്ലൈറ്റ് പർച്ചേസിംഗ്- വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതിനും ഉപയോഗപ്പെടുത്തിയതിനും രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട്	അടങ്കൽ	ചെലവ് തുക	ബിൽനം./തീയതി	ഇൻവോയിസ് നം.
14/25-സ്ടീറ്റ്ലൈറ്റ് പർച്ചേസിംഗ്	450000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)	449960	24210847000201465243/7.3.25	4/16.1.25-325160 5/6.2.25-124800

തെരുവ് വിളക്കുകളുടെ റിപ്പയറിംഗിനായി മേൽപ്പറഞ്ഞ ബിൽ പ്രകാരം 'പവർ കൺട്രോൾ ഇലക്ട്രിക്കൽസ്' എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 449960/- രൂപയുടെ തെരുവ് വിളക്കുപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും മെയിന്റനൻസിനായി ഉത്തരവാദപ്പെട്ടവർക്ക് കൈമാറിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 7/4.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയതിന്റെ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക 449960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 ഹെൽത്ത് ഗ്രാന്റ് - കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട്	382/25 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	1000000 (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	1000000 (ഹെൽത്ത് ഗ്രാന്റ്)
ബിൽ / വൗച്ചർ നം.	92442819761/30.9.24 – 1000000

2022-23 ഹെൽത്ത് ഗ്രാന്റ് സ്കീം 5 പ്രകാരം ഉപകരണങ്ങൾ, റീ ഏജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ എന്നിവക്കായി UPHC

കുളപ്പുള്ളിയുടെ എച്ച് എം സി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 110166488424) 10,00,000/- രൂപ കൈമാറിയിട്ടുണ്ട്. സ.ഉ നം.2156/2022/തസ്വഭവ, തീയതി-1.9.2022 പ്രകാരം സ്കീം 5 പ്രകാരം തുക എച്ച് എം സികൾക്ക് അനുവദിക്കാമെങ്കിലും തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. അനുവദിച്ച തുകയിൽ നിന്നും മെഡിക്കൽ ഓഫീസർ UPHC കുളപ്പുള്ളിയുടെ 16.8.25 ലെ കെ പി എൽ വൈ 01 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 319003/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 19/9.2.26) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തി നടപ്പാക്കിയ തുകക്കുള്ള വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാനും അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ തിരികെ ലഭ്യമാക്കാനും തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-40 ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ബാരൽ വില മുനിസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത് പിന്നീട് തിരികെ ഒടുക്കിയിരിക്കുന്നു.

